07
2026
മേയ്
വ്യാഴം
മേടം 24

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-7, Issue No. 95 Page 4, Price: Rs. 2 പുസ്തകം-7 ലക്കം-95 പേജ് 4. വില 2.00 രൂപ

02 ട്രെയിനിൽനിന്നു വീണവർ 37 ആയി; മുന്നറിയിപ്പുമായി ആർപിഎഫ്
03 സമൂഹമാധ്യമങ്ങളല്ല, ഹൈക്കമാൻഡാണ് മുഖ്യമന്ത്രിയെ തീരുമാനിക്കുന്നത്
04 കുഫോസ് ഫുഡ് സയൻസ് ടെക്നോളജിയിൽ അഞ്ച് വർഷ ഏകീകൃത മാസ്റ്റേഴ്സ് പ്രോഗ്രാം

# വിഴിഞ്ഞത്ത് വിദേശ കപ്പലിന് ഇന്ധനം നിറച്ചത് ഒന്നേകാൽ ലക്ഷത്തിലേറെ ലിറ്റർ



വിഴിഞ്ഞത്ത് രണ്ടുമാസമായി തടഞ്ഞിട്ട വിദേശ കപ്പലിന് ഇന്ധനം; നിറച്ചത് ഒന്നേകാൽ ലക്ഷത്തിലേറെ ലിറ്റർ

വിഴിഞ്ഞം: വിഴിഞ്ഞം പുറംകടലിൽ ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിങ് രണ്ടുമാസമായി തടഞ്ഞിട്ടിരിക്കുന്ന വിദേശ എണ്ണക്കപ്പലിന് കേരള മാരിടൈം ബോർഡിന്റെ നേതൃത്വത്തിൽ ഒന്നേകാൽ ലക്ഷത്തിലേറെ ലിറ്റർ ഇന്ധനം നിറച്ചുനൽകി. എം.വി. സോളിസ് എന്ന കപ്പലിനാണ് ഷിപ്പ് ടു ഷിപ്പ് എന്ന ബങ്കറിങ് സംവിധാനത്തിലൂടെ ഇന്ധനം നിറച്ചുനൽകിയത്. കന്യാകുമാരിക്കടുത്തുവെച്ച് ട്രോളർ ബോട്ടിൽ ഇടിച്ചതിനെത്തുടർന്നാണ് കപ്പലിനെ ഇവിടെ തടഞ്ഞിട്ടിരിക്കുന്നത്.

വിഴിഞ്ഞം പുറംകടലിലെത്തിയ വിദേശകപ്പലിന് ആദ്യമായാണ് മാരിടൈം ബോർഡിന്റെ നേതൃത്വത്തിൽ ഇന്ധനം നിറയ്ക്കാനുള്ള ബങ്കറിങ് സംവിധാനം സജ്ജമാക്കിയത്. മുംബൈ ആസ്ഥാനമായ കമ്പനിയാണ് കൊച്ചിയിൽനിന്ന് എം.ടി. ജെനിസിസ് എന്ന കൂറ്റൻ ബാർജിൽ ഒന്നേകാൽലക്ഷത്തോളം ലിറ്റർ ഡീസലെത്തിച്ചത്.

ഞായറാഴ്ച രാവിലെ ആറുമണിയോടെ എത്തിയ ബാർജിനെ പുറംകടലിലുള്ള കപ്പലിനടുത്തെത്തിച്ച ശേഷം ഒൻപതുമണിയോടെ തുടങ്ങിയ ബങ്കറിങ് ഉച്ചയ്ക്ക് ഒന്നോടെ പൂർത്തീകരിച്ചു. രണ്ടാഴ്ചമുൻപ് കപ്പലിലെ ഇന്ധനം പൂർണമായി തീരാറായെന്നും, എൻജിനുകൾ നിലച്ച് കപ്പൽ ഒഴുകിപ്പോകാൻ ഇടയുണ്ടെന്നും കാണിച്ച് ക്യാപ്റ്റൻ വാൻടുവാൻ ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിങ് കമ്പനിയധികൃതർക്ക് ഇ-മെയിൽ അയിച്ചിരുന്നു. ജീവനക്കാർക്കുള്ള ഭക്ഷണവും കുടിവെള്ളവും അടക്കം തീർന്നുവെന്നും പരാതിയിൽ സൂചിപ്പിച്ചിരുന്നു.

തുടർന്ന് ഇന്ധനമെത്തിച്ചു നൽകുന്നതിനുള്ള സൗകര്യമൊരുക്കാൻ ഡി.ജി. ഷിപ്പിങ് അധികൃതർ മാരിടൈം ബോർഡിന്റെ വിഴിഞ്ഞം പർസർ വിനുലാലിനു സന്ദേശമയച്ചിരുന്നു. കപ്പൽ ഏജൻസിയും കൊച്ചി കേന്ദ്രമാക്കി പ്രവർത്തിക്കുന്ന സീമാക്സ് മറൈൻ സർവീസ് അധികൃതരെത്തി രണ്ടുഘട്ടങ്ങളിലായി 13000 ലിറ്റർ ഇന്ധനമെത്തിച്ചുനൽകി. തുടർന്നാണ് ഞായറാഴ്ച മുഴുവൻ ഇന്ധനും നൽകിയത്.

കഴിഞ്ഞ മാർച്ച് ഏഴിന് ഉച്ചയ്ക്ക് കന്യാകുമാരിയിലെ മുട്ടം തുറമുഖത്തിന്റെ 57 നോട്ടിക്കൽ മൈൽ അകലെ വെച്ച് നീണ്ടകര സ്വദേശിയുടെ ട്രോളർ ബോട്ടിനെയാണ് എം.വി. സോളിസ് ഇടിച്ചുതകർത്തത്. അപകടത്തിൽ ബോട്ട് രണ്ടായി പിളർന്ന് 11 മത്സ്യത്തൊഴിലാളികൾ കടലിൽ വീണിരുന്നു. ഇവരിൽ ഒൻപതുപേരെ ഇതേ കപ്പലിലെ ജീവനക്കാർ രക്ഷപ്പെടുത്തിയിരുന്നു. അതേസമയം രണ്ടുപേരെ ഇനിയും കണ്ടെത്തിയിട്ടില്ല. തുടർന്ന് കോസ്റ്റ് ഗാർഡിന്റെ വിഴിഞ്ഞം സ്റ്റേഷൻ കമാൻഡറുടെ സഹായത്തോടെ കപ്പൽ കസ്റ്റഡിയിലെടുത്ത് വിഴിഞ്ഞം പുറംകടലിലെത്തിക്കുകയായിരുന്നു.

## ഓൺലൈൻ ഓർഡറുകളും നിർത്തി; ഹോട്ടലുകളുടെ സമരത്തിൽ വലഞ്ഞ് കൊച്ചിയിലെ ജനങ്ങൾ

കൊച്ചി: വാണിജ്യ ഗ്യാസ് വില വർധനവിനെതിരെ കേരളത്തിലെ ഹോട്ടൽ ആൻഡ് റസ്റ്ററൻറ് അസോസിയേഷൻറെ നേതൃത്വത്തിൽ നടക്കുന്ന കടയടപ്പ് സമരത്തിൽ വലഞ്ഞ് കൊച്ചിയിലെ ജനങ്ങൾ. സാധാരണക്കാരുടെ സ്ഥിരം സ്പോട്ട് ആയ സമൃദ്ധി കിച്ചനും ഇന്ദിര കിച്ചനുമടക്കം അടഞ്ഞു കിടക്കുകയാണ്.

സമരം നടക്കുന്നത് അറിയാതെ നിരവധി പേർ രാവിലെ സമൃദ്ധിയിൽ എത്തിയിരുന്നു. എന്നാൽ സമൃദ്ധിയും അടച്ചിട്ടതിനാൽ സാധാരണക്കാർക്ക് തിരിച്ചടിയായി. കൊച്ചിയിൽ ഓൺലൈൻ ഫുഡ് ഡെലിവറി സേവനങ്ങളും പൂർണമായും നിലച്ചു. എന്നാൽ ചില കഫെകൾ ഡെലിവറി നടത്തുന്നുണ്ട്.

ഹോട്ടലുകളും തട്ടുകടകളുമടക്കം അടഞ്ഞു കിടക്കുന്നതിനാൽ കൊച്ചിയിൽ സമരം പൂർണമാണ്. 24 മണിക്കൂർ ആണ് കടയടപ്പ് സമരം നടക്കുന്നത്. എറണാകുളം പനമ്പിള്ളി നഗറിലെ ഇന്ത്യൻ ഓയിൽ കോർപ്പറേഷൻറെ ഓഫീസിലേക്ക് ഉച്ചയ്ക്ക് പ്രതിഷേധ മാർച്ചും കേരള ഹോട്ടൽ ആൻഡ് റസ്റ്ററൻറ് അസോസിയേഷൻ നടത്തി.

വാണിജ്യ എൽപിജി സിലിണ്ടറിന് വില കൂട്ടിയതിൽ പ്രതിഷേധിച്ച് ഗ്യാസ് സിലിണ്ടർ വച്ചുള്ള ശവമഞ്ചവുമായി മൂവാറ്റുപുഴയിൽ പ്രതിഷേധം. മൂവാറ്റുപുഴ കേരള ഹോട്ടൽ ആൻഡ് റസ്റ്ററൻറ് അസോസിയേഷൻ യൂണിറ്റ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിലാണ് പ്രതിഷേധ മാർച്ച് നടത്തിയത്. വെള്ളൂർകുന്നത്തെ കെഎച്ച്ആർഎ ഓഫീസിന് മുന്നിൽ നിന്നും കെഎസ്ആർടിസി ബസ് സ്റ്റാൻഡ് വരെയാണ് വാണിജ്യ ആവശ്യത്തിനുള്ള ഗ്യാസ് സിലിണ്ടർ വച്ചുള്ള ശവമഞ്ചവുമായി പ്രതിഷേധ മാർച്ച് നടത്തിയത്. തുടർന്ന് കെഎച്ച്ആർഎ സംസ്ഥാന സെക്രട്ടറി സി.കെ അനിലിൻറെ നേതൃത്വത്തിൽ പ്രതിഷേധ യോഗവും നടന്നു. അതേസമയം, വാണിജ്യ ഗ്യാസ് വില വർധനവിനെതിരെ കെഎച്ച്ആർഎയുടെ നേതൃത്വത്തിൽ നടക്കുന്ന കടയടപ്പ് സമരത്തിൽ വലഞ്ഞിരിക്കുകയാണ് നഗരത്തിലെ ജനങ്ങൾ. മൂവാറ്റുപുഴയിൽ കടകളെല്ലാം അടഞ്ഞു കിടക്കുകയാണ്. കൊച്ചി നഗരത്തിൽ സമൃദ്ധി, ഇന്ദിര കാൻറീനുകൾ അടക്കം അടച്ചിട്ടിരിക്കുകയാണ്.

## വിജയ്ക്ക് തിരിച്ചടി; 118 എംഎൽഎമാരുടെ പിന്തുണ ഉറപ്പാക്കുന്ന കത്ത് ഹാജരാക്കണമെന്ന് ഗവർണർ



ചെന്നൈ: സർക്കാർ രൂപീകരിക്കാൻ ടിവികെ നേതാവ് വിജയ് ഉന്നയിച്ച അവകാശവാദം ഗവർണർ രാജേന്ദ്ര അർലേക്കർ സ്വീകരിച്ചില്ലെന്ന് വിവരം. കേവലഭൂരിപക്ഷം ഉറപ്പാക്കിയുള്ള കത്ത് ഹാജരാക്കണമെന്നാണ് ഗവർണറുടെ നിലപാട്. കോൺഗ്രസിന്റെ 5 അംഗങ്ങൾ ഉൾപ്പെടെ 113 എംഎൽഎമാർ ഒപ്പിട്ട കത്താണ് വിജയ് ഗവർണർക്ക് കൈമാറിയത്. എന്നാൽ കേവല ഭൂരിപക്ഷത്തിനുള്ള സംഖ്യയായ 118 പേർ ഒപ്പിട്ടുള്ള കത്ത് വേണമെന്ന് ഗവർണർ അറിയിച്ചു. എന്നാൽ മാത്രമേ സത്യപ്രതിജ്ഞയ്ക്ക് അനുമതി നൽകൂവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഇതോടെ നാളെ നടക്കാനിരുന്ന സത്യപ്രത്ജ്ഞ നീട്ടിവച്ചേക്കുമെന്നാണ് സൂചന. ഇതിൽ ടിവികെയുടെ ഔദ്യോഗിക പ്രസ്താവന വന്നിട്ടില്ല. 108 സീറ്റാണ് തമിഴ്നാട് നിയമസഭ തിരഞ്ഞെടുപ്പിൽ ടിവികെ നേടിയത്. കേവല ഭൂരിപക്ഷത്തിന് 118 സീറ്റാണ് വേണ്ടത്. നിലവിൽ കോൺഗ്രസ് മാത്രമാണ് ടിവികെയ്ക്ക് പിന്തുണ പ്രഖ്യാപിച്ചിട്ടുള്ളത്. 5 സീറ്റുകളുള്ള കോൺഗ്രസിന്റെ പിന്തുണ ലഭിച്ചാലും കേവല ഭൂരിപക്ഷം തികയ്ക്കാൻ ടിവികെയ്ക്ക് ആറുപേരുടെ കൂടി പിന്തുണ വേണ്ടി വരും.

രണ്ടാമതെത്തിയ ഡിഎംകെയ്ക്ക് 59 സീറ്റാണുള്ളത്. എഐഎഡിഎംകെ 47 സീറ്റും നേടി. ഭരണഘടനയിൽ വിശ്വാസമില്ലാത്ത വർഗീയ ശക്തികളെ സഖ്യത്തിനു പുറത്തുനിർത്തുക എന്ന ഉപാധിയിൽ അധിഷ്ഠിതമായാണ് ടിവികെയ്ക്ക് പിന്തുണ നൽകുകയെന്നാണ് തമിഴ്നാട് കോൺഗ്രസ് കമ്മിറ്റി വ്യക്തമാക്കിയത്.

അതിനിടെ പട്ടാളി മക്കൾ കട്ചിയിലെ 4 എംഎൽഎമാർ വിജയിയെ വീട്ടിലെത്തി കണ്ടതായും റിപ്പോർട്ടുകളുണ്ട്. ടിവികെയ്ക്ക് പിന്തുണ നൽകണമോ എന്നതിൽ തീരുമാനമെടുക്കാൻ മേയ് 8 വരെ സമയം തരണമെന്ന് ഇടതുപാർട്ടികൾ ആവശ്യപ്പെട്ടിട്ടുണ്ട്. ഡിഎംകെയ്ക്കൊപ്പം തന്നെ തുടരാനാണ് മുസ്‌ലിം ലീഗിന്റെ തീരുമാനം. 234 അംഗ നിയമസഭയിൽ ഭൂരിപക്ഷത്തിനു 118 പേരുടെ പിന്തുണ വേണം. ടിവികെയ്ക്ക് 107 അംഗങ്ങളുണ്ട്. 108 സീറ്റിൽ വിജയിച്ചെങ്കിലും വിജയ് ജയിച്ച 2 സീറ്റിലൊന്നു രാജിവയ്ക്കേണ്ടിവരും.

5 എംഎൽഎമാരുള്ള കോൺഗ്രസിനോടു തിരഞ്ഞെടുപ്പ് കഴിഞ്ഞതിനു പിന്നാലെ വിജയ് പിന്തുണ തേടിയിരുന്നു. വോട്ടർമാരുടെ വികാരം കണക്കിലെടുത്ത് തീരുമാനമെടുക്കാൻ ടിഎൻസിസി നേതൃത്വത്തെ ചുമതലപ്പെടുത്തിയെന്നാണ് എഐസിസി സംഘടനാകാര്യ ജനറൽ സെക്രട്ടറി കെ.സി.വേണുഗോപാൽ അറിയിച്ചത്. തുടർന്നു കഴിഞ്ഞ ദിവസം രാത്രി വൈകിയാണ് പിന്തുണ നൽകാനുള്ള സംസ്ഥാന കോൺഗ്രസിന്റെ തീരുമാനം പുറത്തുവന്നത്. കോൺഗ്രസുമായി ഒരു മുന്നണി രൂപീകരണ കാര്യത്തിൽ തീരുമാനം ലഭിച്ചെന്ന് ടിവികെയും സ്ഥിരീകരിച്ചിട്ടുണ്ട്.

അതേസമയം, തമിഴ്നാട്ടിൽ വിജയ്‌യുടെ നേതൃത്വത്തിലുള്ള ടിവികെയ്ക്ക് പിന്തുണ നൽകാനുള്ള കോൺഗ്രസ് തീരുമാനത്തിനെതിരെ ഡിഎംകെ. കോൺഗ്രസ് പിന്നിൽ നിന്ന് കുത്തുന്നവരാണെന്ന് ഡിഎംകെ വക്താവ് ശരവണൻ അണ്ണാദുരെ പറഞ്ഞു. കോൺഗ്രസിന് 5 നിയമസഭാ സീറ്റുകൾ ലഭിച്ചത് എം.കെ.സ്റ്റാലിന്റെ സഹായം കൊണ്ടാണെന്നും അദ്ദേഹം പറഞ്ഞു.

ബിജെപിയും ആർഎസ്എസും രാഹുൽ ഗാന്ധിയെ പപ്പു എന്ന് വിളിച്ച് കളിയാക്കിയപ്പോൾ അദ്ദേഹത്തെ പ്രധാനമന്ത്രി സ്ഥാനാർഥിയായി ഉയർത്തിക്കാട്ടിയത് എം.കെ.സ്റ്റാലിൻ മാത്രമായിരുന്നു എന്ന് അണ്ണാദുരെ എക്സിൽ പങ്കുവച്ച പോസ്റ്റിൽ പറഞ്ഞു.

## സംസ്ഥാനത്ത് മഴ ശക്തമാകുന്നു; ഇന്ന് ആറു ജില്ലകളിൽ യെല്ലോ അലർട്ട്

തിരുവനന്തപുരം: സംസ്ഥാനത്ത് ഇന്നും ശക്തമായ മഴയ്ക്ക് സാധ്യത. ഒറ്റപ്പെട്ടയിടങ്ങളിൽ ഇന്നു മുതൽ ഞായറാഴ്ച വരെ ഇടിമിന്നലോടു കൂടിയ മഴയ്ക്കും മണിക്കൂറിൽ 40 മുതൽ 50 കിലോമീറ്റർ വരെ വേഗത്തിൽ ശക്തമായ കാറ്റിനും സാധ്യതയുണ്ട്.

ശക്തമായ മഴയ്ക്കുള്ള സാധ്യത കണക്കിലെടുത്ത് വിവിധ ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് യെല്ലോ അലർട്ട് പ്രഖ്യാപിച്ചു. ഇന്ന് പത്തനംതിട്ട, ഇടുക്കി, എറണാകുളം, തൃശൂർ, കോഴിക്കോട്, വയനാട് ജില്ലകളിലാണ് മുന്നറിയിപ്പ്.

വ്യാഴാഴ്ച പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിലും വെള്ളിയാഴ്ച കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശൂർ, കോഴിക്കോട് ജില്ലകളിലും ശനിയാഴ്ച തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിലും ഞായറാഴ്ച തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലും യെല്ലോ അലർട്ടാണ്. ഒറ്റപ്പെട്ട ശക്തമായ മഴയ്ക്കുള്ള സാധ്യതയാണ് പ്രവചിക്കപ്പെട്ടിരിക്കുന്നത്.

വരുംമണിക്കൂറിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോട് കൂടിയ ഇടത്തരം മഴയ്ക്കും മണിക്കൂറിൽ 40 കിലോമീറ്റർ വരെ വേഗതയിൽ ശക്തമായ കാറ്റിനും സാധ്യതയുണ്ട്

. അതേസമയം, കേരള – കർണാടക – ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് തടസമില്ലെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.



# ആദ്യം സ്വന്തം വീഴ്ച കണ്ടുപിടിക്കട്ടെ!. യു. പ്രതിഭയ്ക്കെതിരെ വെള്ളാപ്പള്ളി

ചേർത്തല: തൻറെ പരാജയത്തിനായി എസ്എൻഡിപി ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ ഇടപെടൽ നടത്തിയെന്ന കായംകുളത്തെ എൽഡിഎഫ് സ്ഥാനാർഥി യു. പ്രതിഭയുടെ ആരോപണത്തിനെതിരേ വിമർശനവുമായി വെള്ളാപ്പള്ളി.

കായംകുളത്ത് സിപിഎം തന്നെ പല ഗ്രൂപ്പ് ആയിരുന്നെന്നു വെള്ളാപ്പള്ളി കുറ്റപ്പെടുത്തി.

യു. പ്രതിഭയ്ക്ക് അവിടെ നിൽക്കാനുള്ള അർഹതയില്ലെന്നു ജനം കണ്ടുപിടിച്ചു. ആദ്യം സ്വന്തം വീഴ്ച കണ്ടുപിടിക്കട്ടെ. അവർ തോറ്റതിന് താൻ അല്ല കുറ്റക്കാരൻ. ജയിച്ചതെല്ലാം അവരുടെ ഗുണംകൊണ്ടും തോറ്റതെല്ലാം തൻറെ കുറ്റം കൊണ്ടാണെന്നും വ്യാഖ്യാനിക്കുന്നത് ശരിയല്ലെന്നും വെള്ളാപ്പള്ളി പറഞ്ഞു.

ഇതിനിടെ, പത്രസമ്മേളനത്തിൽ എഐസിസി ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാൽ എംപിയെ വാനോളം പുകഴ്ത്താനും വെള്ളാപ്പള്ളി മറന്നില്ല. കെസി വേണുഗോപാൽ ഇന്ത്യയിലെ അതികായനായ നേതാവാണെന്നും കോൺഗ്രസ് വിജയത്തിൻറെ ശിൽപ്പിയാണെന്നും വെള്ളാപ്പള്ളി പറഞ്ഞു.

യുഡിഎഫ് നൂറു സീറ്റ് നേടിയാൽ എസ്എൻഡിപി നേതൃത്വം താൻ ഒഴിയുമെന്ന് വെള്ളാപ്പള്ളി നേരത്തെ പ്രഖ്യാപിച്ചിരുന്നത് മാധ്യമപ്രവർത്തകർ ചൂണ്ടിക്കാട്ടിയപ്പോൾ അങ്ങനെയൊന്നും പറഞ്ഞിട്ടില്ലെന്നായിരുന്നു വെള്ളാപ്പള്ളിയുടെ പ്രതികരണം.

ചില ദുഷ്ടബുദ്ധികൾ താനാണ് ഇടതിൻറെ പരാജയ കാരണമെന്നു പറയുന്നു. അതിനു പിന്നിൽ മുസ്ലിം ലീഗ് ആണ്. താൻ മുസ്ലിം വിരോധിയല്ല. മുസ്ലിം ലീഗ് കാണിച്ച വിവേചനത്തിനെതിരെയാണ് പറഞ്ഞത്. പിണറായി വിരുദ്ധരാണ് അങ്ങനെ പറയുന്നതു പി.കെ. കുഞ്ഞാലിക്കുട്ടി മാന്യനാണ്. എന്നാൽ, ലീഗിലെ മറ്റു ചിലർ അങ്ങനെയല്ലെന്നും വെള്ളാപ്പള്ളി പറഞ്ഞു.

# 'കോൺഗ്രസ് പിന്നിൽ നിന്ന് കുത്തുന്നവർ'; രൂക്ഷ വിമർശനവുമായി ഡിഎംകെ

ചെന്നൈ: തമിഴ്നാട്ടിൽ സർക്കാർ രൂപീകരണത്തിന് ടിവികെയ്ക്ക് പിന്തുണ പ്രഖ്യാപിച്ച കോൺഗ്രസിനെതിരെ രൂക്ഷ വിമർശനവുമായി ഡിഎംകെ. കോൺഗ്രസ് പിന്നിൽ നിന്ന് കുത്തുന്നവരാണെന്ന് ഡിഎംകെ കുറ്റപ്പെടുത്തി.

തെരഞ്ഞെടുപ്പിൽ കോൺഗ്രസും ഭരണകക്ഷിയായ ഡിഎംകെയും ഒരുമിച്ചാണ് മത്സരിച്ചത്. ടിവികെ 107 സീറ്റുകൾ നേടി ഏറ്റവും വലിയ ഒറ്റക്കക്ഷിയായതോടെ കോൺഗ്രസ് നിലപാട് മാറ്റി സർക്കാർ രൂപീകരണത്തിന് ടിവികെക്ക് പിന്തുണ നൽകുകയായിരുന്നു.

വിജയ്ക്ക് പിന്തുണ നൽകിയ കോൺഗ്രസിനോട് ഡിഎംകെ കടുത്ത അതൃപ്തിയാണ് രേഖപ്പെടുത്തിയത്. ഡിഎംകെ സഖ്യത്തിൻറെ താത്പര്യങ്ങൾക്ക് വിരുദ്ധമായാണ് കോൺഗ്രസ് നിലപാട് സ്വീകരിച്ചത്. കോൺഗ്രസിനും ഡിഎംകെയ്ക്കും ഇടയിലുണ്ടായ ഭിന്നത ഇന്ത്യാ സംഖ്യത്തെയും ബാധിച്ചേക്കും. ഇന്ത്യാ മുന്നണിയിൽ നിന്ന് ഡിഎംകെ പിൻമാറും എന്നടക്കമുള്ള അഭ്യൂഹങ്ങൾ പ്രചരിക്കുന്നുണ്ട്. ഡിഎംകെയുമായി ഒരുമിച്ച് മത്സരിച്ചത് കൊണ്ട് മാത്രമാണ് കോൺഗ്രസിന് അഞ്ച് സീറ്റുകളെങ്കിലും ലഭിച്ചതെന്നും തെരഞ്ഞെടുപ്പിൽ കോൺഗ്രസ് ഒറ്റയ്ക്കാണ് മത്സരിച്ചതെങ്കിൽ ഒരു സീറ്റ് പോലും നേടാൻ കഴിയില്ലെന്നും ഡിഎംകെ പ്രതിനിധി ശരവണൻ അണ്ണാദുരൈ പറഞ്ഞു. കോൺഗ്രസിൻറെ കൂറുമാറ്റത്തിൽ ഡിഎംകെ നേതാവ് സ്റ്റാലിൻ ഇതുവരെയും പ്രതികരിച്ചിട്ടില്ല.

# സംസ്ഥാനത്ത് ഹോട്ടലുകൾ പണിമുടക്കി

കൊച്ചി: വാണിജ്യ എൽപിജി സിലിണ്ടറിൻറെ വില കുത്തനെ കൂട്ടിയതിൽ പ്രതിഷേധിച്ച് സംസ്ഥാന വ്യാപകമായി ഹോട്ടലുകൾ അടച്ചു നടത്തുന്ന പ്രതിഷേധം തുടങ്ങി.

ഹോട്ടൽ ആൻഡ് റെസ്റ്റോറൻറ്സ് അസോസിയേഷൻ, കേരള വ്യാപാരി വ്യവസായി സമിതി, വ്യാപാരി വ്യവസായി ഏകോപനസമിതി, ഓൾ കേരള കാറ്ററേഴ്സ് അസോസിയേഷൻ, ഹോസ്റ്റൽ ഓണേഴ്സ് ഫെഡറേഷൻ തുടങ്ങിയ പ്രമുഖ സംഘടനകൾ സമരത്തിൽ പങ്കാളികളാകുന്നത്. ഹോട്ടലുകൾ അടച്ചതോടെ ഓൺലൈൻ ഭക്ഷണവിതരണവും നിർത്തിവച്ചു.

19 കിലോ സിലിണ്ടറിന് ഒറ്റയടിക്ക് 993 രൂപ കൂടിയതിലാണ് പ്രതിഷേധം. ഇതോടെ ഹോട്ടൽ മേഖലയ്ക്ക് കടുത്ത ആഘാതം സൃഷ്ടിച്ച് സംസ്ഥാനത്ത് വാണിജ്യ സിലിണ്ടർ വില മൂവായിരം കടന്നു. 3,100 ഓളം രൂപയാണ് നിലവിൽ 19 കിലോ സിലിണ്ടറിൻറെ വില. വില കുറക്കാതെ മുന്നോട്ടുപോകാൻ സാധിക്കില്ലെന്ന നിലപാടിലാണ് ഹോട്ടലുകളും കാറ്ററിംഗ് സർവീസുകളും.

എൽപിജി നിയന്ത്രണം കാരണം സംസ്ഥാനത്തെ ങ്ങോളമിങ്ങോളം അടച്ച് പൂട്ടിയ ഹോട്ടലുകൾ പതുക്കെ സാധാരണ നിലയിലേക്ക് വരുന്നതിനിടെയാണ് അടുത്ത ആഘാതം. നേരത്തെ സിലിണ്ടറിന് നൂറും നൂറ്റമ്പതും രൂപയുമൊക്കെയാണ് കൂട്ടാറെങ്കിൽ ഇക്കുറി ഒറ്റയടിക്ക് 993 രൂപയാണ് പൊതുമേഖല എണ്ണക്കമ്പനികൾ കൂടിയത്. ഹോട്ടൽ, റെസ്റ്റോറൻറുകൾ, ചെറുകിട ഹോട്ടലുകൾ, തട്ടുകടകൾ തുടങ്ങിയവയൊക്കെ വർധന സാരമായി ബാധിച്ചു.

പശ്ചിമേഷ്യൻ യുദ്ധം വ്യാപാര വ്യവസായ മേഖലയെയും കയറ്റുമതി മേഖലയെയും സാരമായി ബാധിക്കുമ്പോഴാണ് കേന്ദ്രം വില വർധവും ഉണ്ടായിരിക്കുന്നത്. ഇറാനെതിരെ അമേരിക്കയും ഇസ്രായേലും സംയുക്ത സൈനിക നീക്കം ആരംഭിച്ചതിന് ശേഷം ഇത് മൂന്നാം തവണയാണ് വാണിജ്യ സിലിണ്ടർ വില കൂട്ടിയത്. മാർച്ച് ആദ്യം ഏകദേശം 115 രൂപയും ഏപ്രിൽ ഒന്നിന് 200 രൂപയും കൂട്ടിയിരുന്നു. ഇതിന് പിന്നാലെയാണ് 993 രൂപയ്ക്കടുത്ത് ഒറ്റയടിക്ക് കൂട്ടിയത്. അതേസമയം, ഗാർഹിക ആവശ്യങ്ങൾക്കുള്ള പാചകവാതക നിരക്കിൽ മാറ്റമില്ല.

# കളം മാറി വെള്ളാപ്പള്ളി; കെ.സി. വേണുഗോപാലിനും ചെന്നിത്തലയ്ക്കും പുകഴ്ത്തൽ

പത്തനംതിട്ട: എഐസിസി ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാൽ എംപിയെ വാനോളം പുകഴ്ത്തി വെള്ളാപ്പള്ളി നടേശൻ. കെസി വേണുഗോപാൽ ഇന്ത്യയിലെ അതികായനായ നേതാവാണെന്നും കോൺഗ്രസ് വിജയത്തിൻറെ ശിൽപ്പിയാണെന്നും വെള്ളാപ്പള്ളി നടേശൻ പറഞ്ഞു. മുഖ്യമന്ത്രിയെ ഹൈക്കമാൻഡ് തീരുമാനിക്കുമെന്നും അതിൽ ഒരു സമുദായ നേതാവിനും അവകാശമില്ലെന്നും അദ്ദേഹം പ്രതികരിച്ചു.

ഇന്ത്യയിലെ അതികായനായ നേതാവാണ് കെ.സി. വേണുഗോപാൽ. കോൺഗ്രസിൽ കൂടുതൽ അഭിപ്രായമുള്ള നേതാവുമാണ്. കെ.സി. വേണുഗോപാലിൻറെ സ്വാധീനത്തിലാണ് ഒരുപാട് എംഎൽഎമാർ ഉണ്ടായത്. കേരളത്തിൽ ഉള്ളത് കറുകപ്പുല്ലു മാത്രമാണ്. അതു തിന്നാൻ മാത്രം അദ്ദേഹം കേരളത്തിലേക്ക് വരുമെന്ന് തോന്നുന്നില്ലെന്നും വെള്ളാപ്പള്ളി പറഞ്ഞു.

വി.ഡി. സതീശൻ നല്ല പ്രതിപക്ഷ നേതാവ് ആയിരുന്നെന്നും ലീഗിൻറെ ഒത്താശ ഉണ്ടെന്നും വെള്ളാപ്പള്ളി പറഞ്ഞു.

രമേശ് ചെന്നിത്തലയെയും പുകഴ്ത്തി സംസാരിച്ച വെള്ളാപ്പള്ളി രമേശ് ചെന്നിത്തല ഏറെ പ്രവർത്തന പാരമ്പര്യമുള്ള നേതാവാണെന്നും ഒരു വിവാദവും ഉണ്ടാക്കാത്തയാളാണെന്നും പറഞ്ഞു.

എല്ലാവരെയും യോജിപ്പിച്ചു കൊണ്ടുപോകാൻ കഴിയുന്ന ആൾ ആണ് രമേശ് ചെന്നിത്തല. കേന്ദ്രത്തിലും പരിചയമുണ്ട്. അദ്ദേഹത്തിൻറെ ജൂനിയർ ആയിരുന്ന പലരും വളർന്നിട്ടും ഒന്നുമായില്ല. എല്ലാം സഹിച്ചു നിന്ന ആളാണ് ചെന്നിത്തലയെന്നും പറഞ്ഞു. അതേസമയം, യുഡിഎഫ് നൂറു സീറ്റ് നേടിയാൽ എസ്എൻഡിപി നേതൃത്വം താൻ ഒഴിയുമെന്ന് വെള്ളാപ്പള്ളി നേരത്തെ പ്രഖ്യാപിച്ചിരുന്നത് മാധ്യമപ്രവർത്തകർ ചൂണ്ടിക്കാട്ടിയപ്പോൾ അങ്ങനെയൊന്നും പറഞ്ഞിട്ടില്ലെന്നായിരുന്നു വെള്ളാപ്പള്ളിയുടെ പ്രതികരണം.

ചില ദുഷ്ടബുദ്ധികൾ താനാണ് ഇടതിൻറെ പരാജയ കാരണമെന്നു പറയുന്നു. അതിനു പിന്നിൽ മുസ്ലിം ലീഗ് ആണ്. താൻ മുസ്ലിം വിരോധിയല്ല. മുസ്ലിം ലീഗ് കാണിച്ച വിവേചനത്തിനെതിരെയാണ് പറഞ്ഞത്. പിണറായി വിരുദ്ധരാണ് അങ്ങനെ പറയുന്നത്പി.കെ. കുഞ്ഞാലിക്കുട്ടി മാന്യനാണ്. എന്നാൽ, ലീഗിലെ മറ്റു ചിലർ അങ്ങനെയല്ലെന്നും വെള്ളാപ്പള്ളി പറഞ്ഞു.

ഇടതുപക്ഷം വൻ വിജയം നേടുമെന്ന നിലപാടിലായിരുന്നു വോട്ടെണ്ണലിനു മുമ്പുവരെ വെള്ളാപ്പള്ളി നടേശൻ. പ്രതിപക്ഷനേതാവ് വി.ഡി. സതീശനെ പലവട്ടം വ്യക്തിപരമായി അധിക്ഷേപിക്കുകയുംചെയ്തിരുന്നു. യുഡിഎഫ് നൂറിനു മേൽ സീറ്റ് നേടിയാൽ താൻ എസ്എൻഡിപി നേതൃസ്ഥാനം ഒഴിയുമെന്നു വരെ വെള്ളാപ്പള്ളി പറഞ്ഞിരുന്നു.

# ചാഞ്ചാടിയാടി കുതിച്ചുയർന്ന് സ്വർണവില; പവൻ വില വീണ്ടും 1.10 ലക്ഷം കടന്നു

കൊച്ചി: സംസ്ഥാനത്ത് ചാഞ്ചാട്ടം തുടരുന്ന സ്വർണവില വീണ്ടും മുകളിലേക്ക്. ഗ്രാമിന് 195 രൂപയും പവന് 1,560 രൂപയുമാണ് വർധിച്ചത്. ഇതോടെ സ്വർണവില ഗ്രാമിന് 13,870 രൂപയിലും പവന് 1,10,960 രൂപയിലുമാണ് വ്യാപാരം പുരോഗമിക്കുന്നത്. അതേസമയം, 18 കാരറ്റ് സ്വർണവില ഗ്രാമിന് 160 രൂപ ഉയർന്ന് 11,400 രൂപയിലെത്തി.

തിങ്കളാഴ്ചയും ചൊവ്വാഴ്ചയും താഴേക്കു പോയ ശേഷമാണ് ഇന്ന് സ്വർണവില കുത്തനെ ഉയർന്നത്. തിങ്കളാഴ്ച രാവിലെ മാറ്റമില്ലാതെ തുടർന്ന സ്വർണവില ഉച്ചകഴിഞ്ഞ് ഗ്രാമിന് 120 രൂപയും പവന് 960 രൂപയും താഴ്ന്നിരുന്നു.

ചൊവ്വാഴ്ച വീണ്ടും താഴേക്കുപോയ സ്വർണവില ഈ മാസത്തെ ഏറ്റവും താഴ്ന്ന നിരക്കിലെത്തി. ഗ്രാമിന് 45 രൂപയും പവന് 360 രൂപയുമാണ് കുറഞ്ഞത്. ഇറാൻ – യുഎസ് സംഘർഷം വീണ്ടും രൂക്ഷമാകുമെന്ന ആശങ്കയിൽ രാജ്യാന്തര വിപണിയിൽ സ്വർണത്തിന് വിലയിടിഞ്ഞതാണ് കേരളത്തിലും പ്രതിഫലിച്ചത്.

വൻ ചാഞ്ചാട്ടം ദൃശ്യമായ മാർച്ച് മാസം അവസാനം നാലു ദിവസത്തിനിടെ ഗ്രാമിന് 435 രൂപയും പവന് 3,480 രൂപയും വർധിച്ചിരുന്നു. മാർച്ച് 23ന് നാലുതവണ മാറിമറിഞ്ഞ സ്വർണവില ഒരു ലക്ഷത്തിന് താഴേക്ക് പോയിരുന്നെങ്കിലും വൈകിട്ടോടെ വീണ്ടും ഒരു ലക്ഷത്തിനു മുകളിലെത്തിയിരുന്നു.ജനുവരി 29ന് പവൻവില സർവകാല ഉയരം തൊട്ടിരുന്നു. അന്നു ഗ്രാമിന് ഒറ്റയടിക്ക് 1,080 രൂപയും പവന് 8,640 രൂപയും വർധിച്ച സ്വർണവില സർവകാല റിക്കാർഡ് ഭേദിച്ച് ഗ്രാമിന് 16,395 രൂപയും പവന് 1,31,160 രൂപയിലുമെത്തുകയായിരുന്നു. എന്നാൽ പിന്നീട് ഇതുവരെ പവന് 28,480 രൂപയും ഗ്രാമിന് 3,560 രൂപയുമാണ് കുറഞ്ഞത്.പുതുവർഷത്തിൽ കുതിപ്പോടെ തുടങ്ങിയ സ്വർണവില ജനുവരി അഞ്ചിന് പവന് ഒറ്റയടിക്ക് 1,160 രൂപയും ഗ്രാമിന് 145 രൂപയും വർധിച്ച് വീണ്ടും ഒരു ലക്ഷം പിന്നിട്ടിരുന്നു. ഇതിനു പിന്നാലെയാണ് വൻ കുതിപ്പുമായി മുന്നോട്ടുപോയത്.

2025 ജനുവരിയിൽ 57,000 രൂപ മാത്രമായിരുന്ന വിലയാണ് വർഷാവസാനം ലക്ഷം ഭേദിച്ചത്.ഡിസംബർ 23നായിരുന്നു സ്വർണവില പവന് ചരിത്രത്തിലാദ്യമായി ഒരു ലക്ഷം രൂപ കടന്നത്. പിന്നീട് കുതിപ്പ് തുടർന്ന സ്വർണം റിക്കാർഡ് തിരുത്തിക്കൊണ്ടിരുന്നു. ഡിസംബർ 27ന് പവന് 1,04,440 രൂപ എന്ന ആ വർഷത്തെ റിക്കാർഡ് വിലയിലെത്തി. പിന്നീട് രാജ്യാന്തര തലത്തിലുണ്ടായ കനത്ത ലാഭമെടുപ്പ് സമ്മർദത്തെ തുടർന്ന് ഡിസംബർ 31ന് 98,920 രൂപയിലേക്ക് ഇടിഞ്ഞിരുന്നു. എന്നാൽ, പുതുവർഷപ്പിറവി ദിനം മുതൽ വില കൂടുന്നതാണ് കണ്ടത്.

# പൊയിലൂരിലെ സ്ഫോടനത്തിൽ ദുരൂഹതയേറുന്നു; പൊട്ടിയത് സ്റ്റീൽ ബോംബ്, കുട്ടിക്കു നഷ്ടപ്പെട്ടത് രണ്ട് വിരലുകൾ

തലശേരി: പാനൂർ വടക്കേ പൊയിലൂരിൽ ചൊവ്വാഴ്ചയുണ്ടായ ബോംബ് സ്ഫോടനത്തിൽ ദുരൂഹതയേറുന്നു. റോഡിൽ നിന്ന് ലഭിച്ച സമൂസ പോലുള്ള വസ്തുവാണ് പൊട്ടിത്തെറിച്ചതെന്നാണ് പരിക്കേറ്റ മുഹമ്മദ് ഷഹിദ് പോലീസിന് നൽകിയ ആദ്യ മൊഴിയിൽ പറയുന്നത്. എന്നാൽ, പൊട്ടിത്തെറിച്ചത് സ്റ്റീൽ ബോംബാണെന്ന് പോലീസിൻറെ പ്രാഥമിക അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. ഇതോടെ സ്ഫോടനത്തിൽ ദുരൂഹതയേറിയിരിക്കുകയാണ്.സംഭവത്തിൽ കൊളവല്ലൂർ പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ഊർജിതമാക്കിയിട്ടുണ്ട്. കൂത്തുപറമ്പ് എസിപി സിബി ടോമിൻറെ നേതൃത്വത്തിലാണ് അന്വേഷണം പുരോഗമിക്കുന്നത്. പരിക്കേറ്റ കുട്ടിയിൽ നിന്നും മാതാപിതാക്കളിൽ നിന്നും പോലീസ് ഇന്ന് വീണ്ടും മൊഴി രേഖപ്പെടുത്തും.

സ്ഫോടനത്തിൽ ഇടതു കൈയുടെ രണ്ട് വിരലുകൾ കുട്ടിക്ക് നഷ്ടപ്പെട്ടു. അടിയന്തര ശസ്ത്രക്രിയക്ക് വിധേയമായ കുട്ടി ഇന്ദിരാഗാന്ധി സഹകരണ ആശുപത്രിയിൽ സുഖംപ്രാപിച്ചു വരുന്നു. ചൊവ്വാഴ്ച ഉച്ചയ്ക്ക് ഒന്നരയോടെയാണ് വീടിനോടുചേർന്ന കുളിമുറിക്കു സമീപം സ്ഫോടനം നടന്നത്.

പാനൂർ സ്വദേശിയും പാചക തൊഴിലാളിയുമായേ സഫീറിൻറെ മകനാണ് പതിമൂന്നുകാരനായ മുഹമ്മദ് സഹദ്. ഒരു രാഷ്ട്രീയ പാർട്ടിയുടെ ആഹ്ലാദ പ്രകടനം കടന്നുപോയതിനു ശേഷം റോഡിൽ നിന്ന് കിട്ടിയ സമൂസ പോലുള്ള വസ്തു എടുത്തുകൊണ്ടു വന്നതാണെന്നും അത് പരിശോധിക്കുന്നതിനിടയിൽ പൊട്ടിത്തെറിച്ചതെന്നുമാണ് കുട്ടിയുടെ ആദ്യ മൊഴി.

എന്നാൽ, സംഭവസ്ഥലത്ത് പോലീസിനും ഫോറൻസിക് വിദഗ്ദരും നടത്തിയ പരിശോധനയിലാണ് പൊട്ടിയത് സ്റ്റീൽ ബോംബാണെന്ന് വ്യക്തമായത്. സ്റ്റീൽ ബോംബിൻറെ അവശിഷ്ടങ്ങൾ സംഭവ സ്ഥലത്തുനിന്നു കണ്ടെത്തുകയും ചെയ്തു.

ഇതോടെ കുട്ടിയുടെ മൊഴിയിൽ അസ്വാഭാവികത കടന്നുവന്നതായി പോലീസ് സംശയിക്കുന്നുണ്ട്. സ്ഫോടനത്തിൽ കുട്ടിയുടെ ഇടതു കൈ ചിന്നിച്ചിതറിയ നിലയിലായിരുന്നു. അടിയന്തര ശസ്ത്രക്രിയയ്ക്ക് വിധേയനാക്കിയ കുട്ടിയുടെ രണ്ട് വിരലുകൾ മുറിച്ചുനീക്കുകയായിരുന്നു. സ്ഫോടനം നടന്ന സ്ഥലത്ത് കണ്ണൂരിൽ നിന്നെത്തിയ ബോംബ് സ്ക്വാഡ് പരിശോധന നടത്തി.

# ബംഗളൂരുവിൽ മർദനമേറ്റ മലയാളി യുവതി മരിച്ച സംഭവം: പ്രതി ദീപക് കൃഷ്ണയ്ക്കെതിരേ കൊച്ചിയിലും കേസ്

കൊച്ചി: ബംഗളൂരുവിൽ മർദനമേറ്റ മലയാളി യുവതി മരിച്ച സംഭവത്തിലെ പ്രതി ദീപക് കൃഷ്ണയ്ക്കെതിരെ എറണാകുളത്തും കേസ്. തെരുവ് നായകൾക്കായി ഷെൽട്ടർ ഹോം നടത്തിയിരുന്ന മലയാളി ദീപക് കൃഷ്ണയുടെ മർദനമേറ്റ് വടാനപ്പള്ളി സ്വദേശിയായ സുനിത (47) ആണ് മരിച്ചത്. ഇയാളുടെ ലൈംഗികാതിക്രമത്തെ ചെറുത്തതിനാണ് മർദിച്ചത്.2024ൽ ഇന്ത്യൻ കറൻസി നോട്ടുകൾ കീറി നശിപ്പിച്ചതിനാണ് ഇയാൾക്കെതിരെ കൊച്ചി സിറ്റി പോലീസ് കേസെടുത്തത്. പൊന്നുരുന്നിയിൽ പ്രവർത്തിക്കുന്ന ഡോ. സൂപെറ്റ് ഹോസ്പിറ്റലിൽ ചികിത്സയ്ക്കായി പാർപ്പിച്ചിരുന്ന ദീപക്കിൻറെ നായകളിൽ രണ്ടെണ്ണത്തിനെ ഡിസ്ചാർജ് ചെയ്യുന്നതിന് ബില്ലടയ്ക്കണമെന്ന് സ്ഥാപനത്തിലെ വനിതാ ജീവനക്കാരി ആവശ്യപ്പെട്ടതാണ് പ്രതിയെ അന്ന് പ്രകോപിപ്പിച്ചത്.

ഇതേത്തുടർന്ന് 2024 ഒക്ടോബർ 19ന് ജീവനക്കാരിയെ ഇയാൾ മൊബൈൽ ഫോണിലൂടെ അസഭ്യം പറയുകയും ഇതിനെ സ്ഥാപന ഉടമ ചോദ്യം ചെയ്തതിലുള്ള വിരോധത്താൽ 500 രൂപ നോട്ടുകൾ കീറിയെറിയുകയുമാണ് ഉണ്ടായത്. പൊതുഖജനാവിന് 4,500 രൂപയുടെ മൂല്യം നഷ്ടം വരുത്തിയതിനും പിഡിപിപി വകുപ്പ് പ്രകാരവുമാണ് ഇയാൾക്കെതിരെ അന്ന് കേസ് എടുത്തത്.

# ട്രെയിനിൽനിന്നു വീണവർ 37 ആയി; മുന്നറിയിപ്പുമായി ആർപിഎഫ്

പരവൂർ: തിരുവനന്തപുരം റെയിൽവേ ഡിവിഷനിൽ ട്രെയിനിൽനിന്നു വീണുള്ള അപകടങ്ങൾ ആശങ്കാജനകമായി വർധിക്കുന്ന സാഹചര്യത്തിൽ യാത്രക്കാർക്കായി ആർപിഎഫ് സുരക്ഷാ നിർദേശങ്ങൾ പുറപ്പെടുവിച്ചു.

ഫുട്ബോർഡ് യാത്രയും വാതിലുകൾക്കരികിൽ നിന്നുള്ള യാത്രയും ഒഴിവാക്കണമെന്ന് അധികൃതർ കർശനമായി ആവശ്യപ്പെട്ടു. ഈ വർഷം ഇതുവരെ ഡിവിഷൻറെ വിവിധ ഭാഗങ്ങളിലായി 37 അപകടങ്ങളാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ഇതിൽ പല സംഭവങ്ങളിലും യാത്രക്കാർക്കു ജീവൻ നഷ്ടമാവുകയും നിരവധി പേർക്കു ഗുരുതരമായി പരിക്കേൽക്കുകയും ചെയ്തു.ജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനും ഉത്തരവാദിത്തമുള്ള യാത്ര ഉറപ്പാക്കുന്നതിനും വേണ്ടിയാണ് ആർപിഎഫ് പുതിയ ജാഗ്രതാ നിർദേശങ്ങൾ നൽകിയിരിക്കുന്നത്.

ട്രെയിൻ ഓടിക്കൊണ്ടിരിക്കുമ്പോൾ വാതിലിനടുത്തു നിൽക്കുന്നതും ഫുട്ബോർഡിൽ തൂങ്ങി യാത്ര ചെയ്യുന്നതുമാണ് പ്രധാനമായും അപകടങ്ങൾക്ക് കാരണമാകുന്നത്. അപ്രതീക്ഷിതമായുണ്ടാകുന്ന ആഘാതങ്ങൾ ട്രാക്കിലെ വളവുകൾ, പെട്ടെന്ന് ബ്രേക്ക് ഇടുന്നത്, അമിതമായ തിരക്ക് എന്നിവ മൂലം പെട്ടെന്ന് ബാലൻസ് തെറ്റാൻ സാധ്യതയുണ്ട്. ഒരു നിമിഷത്തെ അശ്രദ്ധ പോലും വലിയ ദുരന്തത്തിലേക്കോ മരണത്തിലേക്കോ നയിക്കുമെന്ന് അധികൃതർ മുന്നറിയിപ്പ് നൽകുന്നു.

യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി ആർപിഎഫ് ഉദ്യോഗസ്ഥർ സ്റ്റേഷനുകളിൽ ബോധവൽക്കരണ പരിപാടികൾ നടത്തിവരികയാണ്. അനൗൺസ്മെന്റുകൾ വഴിയും യാത്രക്കാർക്ക് നേരിട്ട് കൗൺസിലിംഗ് നൽകിയും അപകടങ്ങൾ കുറയ്ക്കാനുള്ള ശ്രമങ്ങൾ തുടരുന്നു. പ്രധാന സ്റ്റേഷനുകളിലും ട്രെയിനുകൾക്കുള്ളിലും നിരീക്ഷണം ശക്തമാക്കാനും ആർപിഎഫ് തീരുമാനിച്ചു. സ്വന്തം ജീവൻ പണയപ്പെടുത്തിയുള്ള യാത്രകൾ ഒഴിവാക്കാൻ പൊതുജനങ്ങളുടെ പൂർണ സഹകരണം വേണമെന്ന് ആർപിഎഫ് ആവശ്യപ്പെട്ടു.

**ഇക്കാര്യങ്ങൾ ശ്രദ്ധിക്കുക**

*ഒരു കാരണവശാലും ഫുട്ബോർഡിൽ യാത്ര ചെയ്യരുത്.

*ട്രെയിനിൽ കയറിയാലുടൻ കോച്ചിന്റെ ഉള്ളിലേക്ക് നീങ്ങി നിൽക്കുക.

*ഓടിക്കൊണ്ടിരിക്കുന്ന ട്രെയിനിൽ കയറാനോ ഇറങ്ങാനോ ശ്രമിക്കരുത്.

*ട്രെയിനിൻറെ വാതിലിനു പുറത്തേക്കു ശരീരഭാഗങ്ങൾ നീട്ടി നിൽക്കുന്നത് ഒഴിവാക്കുക.

# കാക്കിക്കുള്ളിലെ സഖാക്കളോട് നോ കോംപ്രമൈസ്': കാലടി മുൻ സിഐക്കെതിരെ ഭീഷണിയുമായി കെഎസ്‌യു

കൊച്ചി: എറണാകുളം കാലടി മുൻ സിഐ ടി. അനിൽ കുമാറിന് കെഎസ്‌യുവിൻറെ ഭീഷണി. എണ്ണിയെണ്ണി പകരം ചോദിക്കും എന്ന ഫേസ്ബുക്ക് പോസ്റ്റ് ആണ് കെഎസ്‌യു എറണാകുളം ജില്ല വൈസ് പ്രസിഡൻറ് അനിസൺ കെ. ജോയ് പങ്കുവച്ചിരിക്കുന്നത്.

ശ്രീശങ്കര കോളജിലെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് കെഎസ്‌യു വിദ്യാർഥികളെ മർദിക്കുകയും അറസ്റ്റ് ചെയ്യുകയും ചെയ്ത സംഭവത്തിൽ പകരം ചോദിക്കുമെന്നാണ് സിഐയുടെ ഫോട്ടോ അടക്കം പങ്കുവച്ചു കൊണ്ട് അനിസണിൻറെ പോസ്റ്റ്. പോലീസ് വിദ്യാർഥികളെ മർദിക്കുന്ന വീഡിയോയും പോസ്റ്റിന് ഒപ്പമുണ്ട്.

'അങ്കമാലിയിലെ കെഎസ്‌യു പിള്ളേരുടെ ആദ്യ സ്കെച്ച് സിഐ അനിൽകുമാർ മേപ്പിള്ളിക്ക്... ഈ കഴിഞ്ഞ 10 വർഷക്കാലം കാക്കിയണിഞ്ഞ സഖാക്കൾ കെഎസ്‌യു പിള്ളേരുടെ ദേഹത്തങ്ങ് പൂണ്ടു വിളയാടി, ഒന്നും മറന്നിട്ടില്ല. കാലടി പോലീസ് ഒരുക്കി തന്ന 18 ദിവസത്തെ ജയിൽ വാസവും, നിരവധിയാർന്ന കള്ളക്കേസുകളും, മർദനങ്ങളും, അർധരാത്രിയിലെ വീടിനുള്ളിലെ പരിശോധനകളും, വീട്ടുകാർക്കെതിരെയുള്ള ഭീഷണിയും വെല്ലുവിളികളും, അങ്ങനെ ഒന്നും മറന്നിട്ടില്ല കണക്കുകൾ എണ്ണി എണ്ണി ചോദിച്ചിരിക്കും... ഒരുങ്ങിയിരുന്നോ കാക്കിക്കുള്ളിലെ സഖാക്കളെ... നോ കോംപ്രമൈസ്' – എന്നാണ് അനിസണിൻറെ പോസ്റ്റ്.

# മാർക്ക്ഷീറ്റ് തിരുത്തിയതിന് പിതാവ് മകളെ കഴുത്തറുത്ത് കൊന്നു

പൂന: മഹാരാഷ്ട്രയിലെ പൂനയിൽ മാർക്ക്ഷീറ്റ് തിരുത്തിയതിന് പിതാവ് മകളെ കഴുത്തറുത്ത് കൊന്നു. തെളിവ് നശിപ്പിക്കാനായി വീടിന് തീയിടുകയും ചെയ്തു. കൂലിപ്പണിക്കാരനായ ശാന്താറാം ചവാൻ (33) ആണ് മൂന്നാം ക്ലാസ് വിദ്യാർഥിനിയായ മകളെ കൊലപ്പെടുത്തിയത്.

ശാന്താറാമിൻറെ നാലാം ക്ലാസിൽ പഠിക്കുന്ന മകനും മകളും തമ്മിൽ പരീക്ഷയിൽ ലഭിച്ച മാർക്കിനെ ചൊല്ലി തർക്കമുണ്ടായി. പരീക്ഷയിൽ ഒന്നാം റാങ്ക് നേടിയ സഹോദരൻ രണ്ടാം റാങ്ക് നേടിയ, അനുജത്തിയെ കളിയാക്കിയതാണ് തർക്കത്തിന് കാരണം.

ഇതേ തുടർന്ന് പെൺകുട്ടി മാർക്ക്ഷീറ്റിൽ തൻറെ റാങ്ക് രണ്ടിൽനിന്ന് ഒന്നാക്കിയും സഹോദരൻറെ മാർക്ക്ഷീറ്റിൽ റാങ്ക് ഒന്നിൽനിന്ന് രണ്ടാക്കിയും തിരുത്തി. മാർക്ക്ഷീറ്റ് തിരുത്തിയ വിവരം അറിഞ്ഞ് കോപാകുലനായ ശാന്താറാം, യന്ത്രവാൾ ഉപയോഗിച്ച് മകളുടെ കഴുത്തറക്കുകയായിരുന്നു. തുടർന്ന് മൃതദേഹം സാരിയിൽ പൊതിഞ്ഞ് വീട്ടിൽ സൂക്ഷിച്ച ശേഷം, വീടിന് തീയിട്ടു.

തുടർന്ന് പോലീസ് നടത്തിയ അന്വേഷണത്തിൽ മകളെ കൊലപ്പെടുത്തി തെളിവ് നശിപ്പിക്കാനാണ് പ്രതി ശ്രമിച്ചതെന്ന് കണ്ടെത്തി. വീട്ടിൽനിന്ന് കത്തിക്കരിഞ്ഞ നിലയിലുള്ള പെൺകുട്ടിയുടെ പാതി ശരീരം പോലീസ് കണ്ടെടുത്തു. മൃതദേഹം പെൺകുട്ടിയുടേത് തന്നെയെന്ന് സ്ഥിരീകരിക്കാനായി ഡിഎൻഎ പരിശോധനക്കായി അയച്ചു. സംഭവത്തിൽ പിതാവ് ശാന്താറാമിനെയും ഇയാൾക്ക് സഹായം നൽകിയ ഒരു സ്ത്രീയെയും പോലീസ് അറസ്റ്റ് ചെയ്തു.

# റോഡരികിൽ കഞ്ചാവ് ചെടികൾ; എക്സൈസ് കസ്റ്റഡിയിൽ എടുത്തു

കൊച്ചി: എറണാകുളം കോതമംഗലത്തെ റോഡിൽ കഞ്ചാവ് ചെടികൾ. കോതമംഗലം-മൂവാറ്റുപുഴ റോഡിൽ ജോസ് കോളേജ് ജംഗഷന് സമീപമാണ് രണ്ടു കഞ്ചാവ് ചെടികൾ കണ്ടെത്തിയത്. എക്സൈസ് ഉദ്യോഗസ്ഥർ സ്ഥലത്തെത്തി ചെടികൾ കസ്റ്റഡിയിൽ എടുത്തു.കഞ്ചാവ് ഉപയോഗിച്ച ശേഷം ഉപേക്ഷിച്ച അവശിഷ്ടങ്ങളിൽ നിന്നും മുളച്ചതാകാം ഈ ചെടികൾ എന്നാണ് എക്സൈസിന്റെ നിഗമനം. എക്സൈസ് അധികൃതർ ചെടികൾ പിഴുതെടുത്തു കൊണ്ടുപോയി. സംഭവത്തിൽ കേസ് അന്വേഷണം നടത്തുമെന്നും എക്സൈസ് അറിയിച്ചു.

# ചാഡിൽ 23 സൈനികരെ ബോക്കോ ഹറാം ഭീകരർ കൊലപ്പെടുത്തി

അബുജ: ആഫ്രിക്കൻ രാജ്യമായ ചാഡിൽ 23 സൈനികരെ ബോക്കോ ഹറാം ഭീകരർ കൊലപ്പെടുത്തി. 26 സൈനികർക്കു പരിക്കേറ്റു.ലേക്ക് ചാഡ് മേഖലയിലെ ബർക്ക ടോളോറോം ദ്വീപിലെ മിലിട്ടറി പോസ്റ്റിൽ തിങ്കളാഴ്ച രാത്രിയായിരുന്നു ആക്രമണമെന്ന് സൈന്യം അറിയിച്ചു.ലേക്ക് ചാഡ് മേഖലയിൽ ദീർഘകാലമായി ബോക്കോ ഹറാം ഭീകരരുടെ ഭീഷണി നിലനിൽക്കുന്നുണ്ട്.

# വി.ഡി. സതീശനെ കണ്ട് ടി.ജെ. വിനോദും ദീപക് ജോയിയും, പിന്തുണയുമായി പ്രവർത്തകരും

കൊച്ചി: മുഖ്യമന്ത്രി ചർച്ചകൾ നടക്കുന്നതിനിടെ വി.ഡി. സതീശനെ കാണാൻ പറവൂരിലെ വീട്ടിലെത്തി ടി.ജെ. വിനോദും ദീപക് ജോയിയും. എംഎൽഎമാരുടെ അഭിപ്രായം അറിയാൻ എഐസിസി നിരീക്ഷകരായ അജയ് മാക്കനും മുകുൾ വാസ്നിക്കും കേരളത്തിൽ എത്താനിരിക്കെ മുഖ്യമന്ത്രി സ്ഥാനം ഉറപ്പിക്കാൻ ചരടുവലികൾ സജീവമാവുകയാണ്.

വി.ഡി. സതീശനെ കണ്ടിറങ്ങിയ ടി.ജെ. വിനോദ് എംഎൽഎ മാധ്യമങ്ങളോട് പ്രതികരിക്കാൻ വിസമ്മതിച്ചു. മുഖ്യമന്ത്രി ചർച്ചകളോടുള്ള ചോദ്യത്തിന് ടി.ജെ. വിനോദ് മറുപടി പറഞ്ഞില്ല. രമേശ് ചെന്നിത്തലയുടെ ഏറ്റവും വിശ്വസ്തനായ എംഎൽഎയാണ് ടി.ജെ. വിനോദ്. അതിനാൽ തന്നെ വിനോദ് സതീശനെ കണ്ടതിലും ചർച്ചകൾ നടക്കുകയാണ്.ജില്ലയിലെ സീനിയർ നേതാക്കളെ കാണുന്നതിൻറെ ഭാഗമായാണ് താൻ വി.ഡി. സതീശനെ കാണാൻ എത്തിയത് എന്നാണ് ദീപക് ജോയ് മാധ്യമങ്ങളോട് പ്രതികരിച്ചത്. എല്ലാ സീനിയർ നേതാക്കളെയും പോയി കാണുന്നുണ്ട്. അത് അല്ലാതെ വേറെയൊന്നുമില്ല. ചൊവ്വാഴ്ച മുതൽ തന്നെ എല്ലാവരെയും കാണുന്നുണ്ടെന്നും ദീപക് ജോയ് പറഞ്ഞു.

മുഖ്യമന്ത്രി ചർച്ചകളോടുള്ള ചോദ്യത്തിന് ദീപക് ജോയിയും മറ്റ് പ്രതികരണങ്ങളൊന്നും നടത്തിയില്ല. ദീപക് ജോയ് കെ. ബാബുവിൻറെ വിശ്വസ്തനാണ്. ഇതിനിടെ വി.ഡി. സതീശനെ കാണാനായി നൂറു കണക്കിന് പ്രവർത്തകരാണ് സതീശൻറെ വീട്ടിലെത്തുന്നത്. വി.ഡി. തന്നെ മുഖ്യമന്ത്രിയാകണം എന്നാണ് പ്രവർത്തകർ ആവശ്യപ്പെടുന്നത്.

# അധികാരം പോയാലും സ്റ്റാലിനൊപ്പം; ഡിഎംകെ മുന്നണി വിടില്ലെന്ന് മുസ്ലിം ലീഗ്

ചെന്നൈ: തമിഴ്നാട് നിയമസഭാ തെരഞ്ഞെടുപ്പിൽ അധികാരം നഷ്ടമായെങ്കിലും ഡിഎംകെ മുന്നണി വിടില്ലെന്ന് ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗ്. തെരഞ്ഞെടുപ്പിന് പിന്നാലെ കോൺഗ്രസ് ഡിഎംകെ വിട്ട് വിജയ്യുടെ ടിവികെ ക്യാമ്പിലെത്തിയെങ്കിലും, സ്റ്റാലിനുമായുള്ള ബന്ധം തുടരുമെന്ന് മുസ്ലിം ലീഗ് ദേശീയ പ്രസിഡൻറ് ഖാദർ മൊയ്തീൻ വ്യക്തമാക്കി.

'ഇന്നലെ സ്റ്റാലിനൊപ്പമായിരുന്നു, ഇന്ന് സ്റ്റാലിനൊപ്പമാണ്, നാളെയും സ്റ്റാലിനൊപ്പം തന്നെയായിരിക്കും' എന്ന് അദ്ദേഹം വ്യക്തമാക്കി. തമിഴ്നാട് രാഷ്ട്രീയത്തിൽ നിർണായക സ്വാധീനം ഉറപ്പിച്ചുകൊണ്ട് നടൻ വിജയിയുടെ ടിവികെ 100-ലധികം സീറ്റുകൾ നേടി കരുത്ത് തെളിയിച്ചിരുന്നു.

ഈ സാഹചര്യത്തിൽ സർക്കാർ രൂപീകരിക്കാനായി കോൺഗ്രസ് ടിവികെയെ പിന്തുണയ്ക്കുമെന്ന് അറിയിച്ചതോടെയാണ് ഡിഎംകെ സഖ്യത്തിൽ വിള്ളലുണ്ടായത്. പുതിയ രാഷ്ട്രീയ സാഹചര്യത്തിൽ ടിവികെ നേതൃത്വം മുസ്ലിം ലീഗ് നേതാക്കളായ പി.കെ. കുഞ്ഞാലിക്കുട്ടിയെയും പാണക്കാട് സാദിഖലി ശിഹാബ് തങ്ങളെയും ബന്ധപ്പെട്ടിരുന്നു.

എന്നാൽ, തമിഴ്നാട് ഘടകത്തിന് സ്വതന്ത്രമായി തീരുമാനമെടുക്കാമെന്ന നിലപാടാണ് തങ്ങൾ സ്വീകരിച്ചതെന്ന് ഖാദർ മൊയ്തീൻ വ്യക്തമാക്കി. മത്സരിച്ച രണ്ട് സീറ്റുകളിലും പാപനാശം, വാണിയമ്പാടി മികച്ച വിജയം നേടിയ ലീഗ്, നിലവിലെ രാഷ്ട്രീയ മാറ്റങ്ങൾക്കിടയിലും ഡിഎംകെ സഖ്യത്തിൽ ഉറച്ചുനിൽക്കാനാണ് തീരുമാനിച്ചിരിക്കുന്നത്.

# ഇരട്ടച്ചങ്കൻ വിയർത്തു; എംഎൽഎ സ്ഥാനം രാജിവയ്ക്കണമെന്ന് കെ.കെ.രമ

കണ്ണൂർ: പരാജയത്തിൻറെ ധാർമിക ഉത്തരവാദിത്വം ഏറ്റെടുത്ത് പിണറായി വിജയൻ എംഎൽഎ സ്ഥാനം രാജിവയ്ക്കണമെന്ന് ആർഎംപി നേതാവ് കെ.കെ.രമ. പാർട്ടി ശക്തികേന്ദ്രങ്ങളിൽപ്പോലും വിയർത്താണ് ഇരട്ടച്ചങ്കൻ എന്ന് വിശേഷിപ്പിക്കുന്ന പിണറായി ജയിച്ചതെന്ന് രമ വിമർശിച്ചു.

കൈയ്യൂരും കരിവള്ളൂരും അടക്കമുള്ള രക്തസാക്ഷിഗ്രാമങ്ങൾ കൈപ്പത്തി ചിഹ്നത്തിന് വോട്ട് ചെയ്യുന്ന കാഴ്ചയാണ് കണ്ടത്. പാർട്ടി നേതാക്കൻമാർക്കെതിരായ ജനങ്ങളുടെ വികാരം പ്രകടമാണ്. പാർട്ടിയുടെ ഇന്നത്തെ പോക്കിനെതിരേ സിപിഎം അണികൾ തന്നെ വോട്ട് രേഖപ്പെടുത്തിയെന്നും രമ പ്രതികരിച്ചു.

# തൃക്കരിപ്പൂരിലെ സിപിഎം-കോൺഗ്രസ് സംഘർഷം; 180 പേർക്കെതിരേ കേസ്

കാസർഗോഡ്: തൃക്കരിപ്പൂരിലെ എൽഡിഎഫ്-യുഡിഎഫ് സംഘർഷത്തിൽ 180 പേർക്കെതിരേ പോലീസ് കേസെടുത്തു. 100 എൽഡിഎഫ് പ്രവർത്തകർക്കും 80 യുഡിഎഫ് പ്രവർത്തകർക്കും എതിരെയാണ് കേസ്.

കഴിഞ്ഞദിവസം യുഡിഎഫ് സ്ഥാനാർഥി സന്ദീപ് വാര്യരുടെ റോഡ് ഷോയ്ക്കിടെ കാസർഗോഡ് പടന്ന കടപ്പുറത്താണ് സംഘർഷമുണ്ടായത്. യുഡിഎഫിൻറെ ആഹ്ലാദപ്രകടനത്തിന് നേരെ ഒരു വിഭാഗം കല്ലെറിഞ്ഞതാണ് പ്രശ്നത്തിൻറെ തുടക്കം.സിപിഎം പാർട്ടി ഓഫീസിൽ നിന്നാണ് കല്ലേറ് ഉണ്ടായതെന്ന് കോൺഗ്രസ് ആരോപിച്ചു. യുഡിഎഫ് പ്രവർത്തകർ ഓഫീസ് തകർത്തതായി സിപിഎമ്മും ആരോപിച്ചിട്ടുണ്ട്. പിന്നാലെ കോൺഗ്രസ് ഓഫീസും തകർത്തിരുന്നു.

# വെള്ളാപ്പള്ളി എനിക്കെതിരെ പ്രവർത്തിച്ചു, പാർട്ടി കേന്ദ്രങ്ങളിൽ വോട്ട് കുറഞ്ഞു: യു. പ്രതിഭ

ആലപ്പുഴ: നിയമസഭാ തെരഞ്ഞെടുപ്പിൽ കായംകുളത്തെ തോൽവിയിൽ അതൃപ്തി പരസ്യമാക്കി എൽഡിഎഫ് സ്ഥാനാർഥി യു. പ്രതിഭ. കായംകുളത്ത് വെള്ളാപ്പള്ളി നടേശൻ തനിക്കെതിരെ പ്രവർത്തിച്ചെന്നും എസ്എൻഡിപി വോട്ടുകളിൽ ചോർച്ച ഉണ്ടായെന്നും പ്രതിഭ പറഞ്ഞു.

പാർട്ടി കേന്ദ്രങ്ങളിൽ വോട്ട് കുറഞ്ഞെന്നും പത്തിയൂരും ചെട്ടികുളങ്ങരയും ഭൂരിപക്ഷം കുറഞ്ഞത് അമ്പരപ്പ് ഉണ്ടാക്കിയെന്നും പ്രതിഭ പറയുന്നു. കഴിഞ്ഞ തവണത്തേത് പോലെ പ്രവർത്തനം ഊർജസ്വലമായിരുന്നില്ലെന്നാണ് പ്രതിഭയുടെ വിമർശനം.

സ്ഥിരമായി ഒന്നാമത് എത്തിയിരുന്ന ബൂത്തിൽ പോലും മുന്നേറാൻ ആയില്ലെന്നാണ് പ്രതികരിച്ച പ്രതിഭ, ആധികാരികമായി പാർട്ടി പറയട്ടെയെന്നും കൂട്ടിച്ചേർത്തു. വെള്ളാപ്പള്ളി നടേശനെതിരെ ശക്തമായ ആരോപണമാണ് പ്രതിഭ ഉന്നയിക്കുന്നത്.

കായംകുളത്ത് തനിക്കെതിരെ വെള്ളാപ്പള്ളി പ്രവർത്തിച്ചു എന്നാണ് പ്രതിഭയുടെ ആരോപണം. ഇത് എസ്എൻഡിപി വോട്ടുകളിൽ ചോർച്ച ഉണ്ടായി. കേരളത്തിൽ മൊത്തം ഇത്തരത്തിൽ പ്രതി പ്രവർത്തനം നടന്നിട്ടുണ്ടെന്നും പ്രതിഭ പ്രതികരിച്ചു.

എൽഡിഎഫ് സ്ഥാനാർഥിയായ അഡ്വ. യു പ്രതിഭ 77,348 വോട്ടുകളായിരുന്നു 2021ലെ നിയമസഭ തെരഞ്ഞെടുപ്പിൽ നേടിയത്. യുഡിഎഫിൻറെ അരിത ബാബു 71,050 വോട്ടുകൾ (44.06%) നേടി മികച്ച പ്രകടനം മത്സരം നൽകിയിരുന്നു.ഇഞ്ചോടിഞ്ച് പോരാട്ടം തന്നെയായിരുന്നു 2021ലെ തെരഞ്ഞെടുപ്പിൽ നടന്നത്. 6,298 വോട്ടുകളുടെ ഭൂരിപക്ഷത്തിലായിരുന്നു പ്രതിഭ അന്നു ജയിച്ചുകയറിയത്. എന്നാൽ, ഇത്തവണ 15,572 വോട്ടുകളുടെ ഭൂരിപക്ഷത്തിൽ യുഡിഎഫ് സ്ഥാനാർഥി എം. ലിജു മണ്ഡലം പിടിച്ചു.76,651 വോട്ടുകൾ നേടിയാണ് യുഡിഎഫ് സ്ഥാനാർഥി എം. ലിജു വിജയിച്ചത്. യു. പ്രതിഭയ്ക്ക് 61079 വോട്ടുകളും ബിഡിജെഎസ് സ്ഥാനാർഥി തമ്പി മേട്ടുതറയ്ക്ക് 16,973 വോട്ടുകളുമാണ് ലഭിച്ചത്.

# സ്വകാര്യ ബസ് സ്കൂട്ടറിൽ ഇടിച്ച് അപകടം; വയോധികൻ മരിച്ചു

ആലപ്പുഴ: ചേർത്തല വെള്ളിയാകുളത്ത് സ്വകാര്യ ബസ് സ്കൂട്ടറിൽ ഇടിച്ചുണ്ടായ അപകടത്തിൽ വയോധികൻ മരിച്ചു. ചേർത്തല വെള്ളിയാകുളം മുകുന്ദപുരം വീട്ടിൽ സോമൻ നായർ(68) ആണ് മരിച്ചത്.

വെള്ളിയാകുളം കെഎസ്ആർടിസി ബസ് സ്റ്റാൻഡിന് സമീപം സ്വകാര്യബസും സ്കൂട്ടറും കൂട്ടിയിടിച്ചാണ് അപകടം. കോട്ടയത്തുനിന്ന് ആലപ്പുഴയിലേക്ക് വരുകയായിരുന്ന ബസ് സ്കൂട്ടറിൽ സഞ്ചരിച്ച സോമൻ നായരുടെ തലയിലൂടെ കയറിയിറങ്ങി. ഉടനെ ചേർത്തല ആശുപത്രിയിൽ എത്തിച്ചെങ്കിലും മരിച്ചിരുന്നു.

# പ്രതിപക്ഷത്തിരിക്കുന്നത് പാർട്ടിക്ക് ഗുണം ചെയ്യും: എം.എം മണി

ഇടുക്കി: പ്രതിപക്ഷത്തിരിക്കുന്നത് പാർട്ടിക്ക് ഗുണം ചെയ്യുമെന്ന് മുൻ മന്ത്രിയും മുതിർന്ന സിപിഎം നേതാവുമായ എം.എം മണി. കുറച്ച് കാലം പ്രതിപക്ഷത്ത് ഇരിക്കുന്നത് നല്ലതാണ്. പാർട്ടി നേതൃത്വം തിരുത്തേണ്ടതുണ്ടെങ്കിൽ തിരുത്തുമെന്നും അദ്ദേഹം പ്രതികരിച്ചു.

സംസ്ഥാനത്ത് വലിയ മാറ്റങ്ങൾ കൊണ്ടുവന്നത് ഇടതുപക്ഷ സർക്കാരുകളാണ്. ഭരണപക്ഷത്ത് ഉള്ളപ്പോഴും ജനങ്ങൾക്ക് സേവനം ചെയ്യാനും പാർട്ടിയെ കെട്ടിപ്പെടുത്താനുമാണ് തങ്ങൾ ശ്രമിച്ചത്.തോറ്റുവെന്നത് സത്യമാണ്. തോറ്റിട്ടില്ലെന്ന് പറഞ്ഞാൽ തലയ്ക്ക് സുഖമില്ല എന്ന് പറയില്ലേയെന്നും അദ്ദേഹം ചോദിച്ചു.

# മുഖ്യമന്ത്രി സ്ഥാനത്തിലെ തർക്കം ദൗർഭാഗ്യകരം: ബെന്നി ബെഹനാൻ

തിരുവനന്തപുരം: മുഖ്യമന്ത്രി പദത്തിലെ തർക്കം ദൗർഭാഗ്യകരമെന്ന് കോൺഗ്രസ് നേതാവ് ബെന്നി ബെഹനാൻ എംപി. വിവാദത്തിൽ പക്ഷം ചേരാനില്ലെന്ന് അദ്ദേഹം വ്യക്തമാക്കി. തൻറെ നിലപാട് എഐസിസി നിരീക്ഷകരെ അറിയിക്കും. മുഖ്യമന്ത്രിപദത്തിൽ അവകാശവാദം ഉന്നയിച്ചുള്ള പരസ്യപ്രകടനം പാടില്ല. അണികളെ നേതാക്കൾ നിയന്ത്രിക്കണമെന്നും അദ്ദേഹം പറഞ്ഞു.

മുഖ്യമന്ത്രിപദം സംബന്ധിച്ചുള്ള കാര്യത്തിൽ രണ്ട് ദിവസത്തിനകം തീരുമാനമുണ്ടാകുമെന്നും അദ്ദേഹം വ്യക്തമാക്കി. പുതിയ കെപിസിസി പ്രസിഡൻറ് ആരാണെന്ന ചോദ്യത്തിന് ഇപ്പോൾ പ്രസക്തിയില്ലെന്നും കോൺഗ്രസ് പാർലമെൻററി പാർട്ടി നേതാവാരാണെന്ന കാര്യത്തിലുള്ള തീരുമാനമാണ് ഇപ്പോഴത്തെ ചർച്ചയെന്നും അദ്ദേഹം വ്യക്തമാക്കി.

# സമൂഹമാധ്യമങ്ങളല്ല, ഹൈക്കമാൻഡാണ് മുഖ്യമന്ത്രിയെ തീരുമാനിക്കുന്നത്: ചെന്നിത്തല

ന്യൂഡൽഹി: സമൂഹമാധ്യമങ്ങളല്ല മുഖ്യമന്ത്രിയെ തീരുമാനിക്കുന്നതെന്ന് മുതിർന്ന കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല. എംഎൽഎമാരുടെ പിന്തുണയ്ക്കായി മത്സരമില്ലെന്നും ചെന്നിത്തല പ്രതികരിച്ചു.

മുഖ്യമന്ത്രിയെ തീരുമാനിക്കുന്നതിൽ ഒരു കാലതാമസവുമുണ്ടായിട്ടില്ല. എല്ലാം മികച്ച രീതിയിൽ മുന്നോട്ട് പോകുന്നു. ഉചിതമായ സമയത്ത് ഹൈക്കമാൻഡ് തീരുമാനമെടുക്കുമെന്നും ചെന്നിത്തല പറഞ്ഞു.

മുഖ്യമന്ത്രി ചർച്ചയുമായി ബന്ധപ്പെട്ട് ഡൽഹിയിൽ സോണിയാ ഗാന്ധിയെ കാണാൻ എത്തിയപ്പോഴാണ് ചെന്നിത്തല മാധ്യമങ്ങളോട് പ്രതികരിച്ചത്. അതേസമയം മഹാരാഷ്ട്രയിലെ ഡിസിസി പുനഃസംഘടന ചർച്ച ചെയ്യാനാണ് ഡൽഹിയിലെത്തിയാതെന്നായിരുന്നു ചെന്നിത്തലയുടെ പ്രതികരണം.

ആര് മുഖ്യമന്ത്രി ആയാലും കുഴപ്പമില്ല; തന്നോട് അഭിപ്രായം ചോദിച്ചാൽ പറയുമെന്ന് സുധാകരൻ

കണ്ണൂർ: ആര് മുഖ്യമന്ത്രി ആയാലും കുഴപ്പമില്ലെന്ന് മുതിർന്ന കോൺഗ്രസ് നേതാവ് കെ.സുധാകരൻ. മുഖ്യമന്ത്രിയെ തീരുമാനിക്കുന്നത് ഹൈക്കമാൻഡാണെന്ന് സുധാകരൻ പ്രതികരിച്ചു.തന്നോട് അഭിപ്രായം ചോദിച്ചാൽ പറയും. മുഖ്യമന്ത്രി ആരെന്നതിൽ രണ്ട് ദിവസത്തിനകം തന്നെ തീരുമാനമുണ്ടാകും. പിണറായി വിജയൻ പ്രതിപക്ഷ നേതാവായി വരണമെന്ന് സിപിഎമ്മുകാർ പോലും പറയില്ലെന്നും സുധാകരൻ പറഞ്ഞു.

പിണറായി വിജയൻ നടക്കാൻ പഠിക്കട്ടെ, അതിന് ശേഷം ജനങ്ങളുമായി ഇടപഴകാൻ ശ്രമിക്കാമെന്നാണ് തന്റെ ഉപദേശമെന്നും സുധാകരൻ കൂട്ടിച്ചേർത്തു.

# നാട്ടികയിൽ കഞ്ചാവും മാരകായുധങ്ങളും പിടികൂടിയ കേസ്; ഒരാൾ കൂടി അറസ്റ്റിൽ

തൃശൂർ: നാട്ടികയിൽ ആറര കിലോ കഞ്ചാവും മാരകായുധങ്ങളും പിടികൂടിയ കേസിൽ ഒരാൾ കൂടി അറസ്റ്റിൽ. വലപ്പാട് കഴിമ്പ്രം തൊട്ടാരത്ത് നന്ദുകൃഷ്ണ (21)യാണ് അറസ്റ്റിലായത്.

ഇയാളെ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു. തൃശൂർ റൂറൽ ജില്ലാ പോലീസ് മേധാവി ബി. കൃഷ്ണകുമാറിൻറെ നേതൃത്വത്തിലുള്ള അന്വേഷണ സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. മീൻപിടിത്തക്കാരൻ എന്ന വ്യാജേന കഞ്ചാവ് വിൽപന നടത്തിയിരുന്ന നാട്ടിക ബീച്ച് സ്വദേശി പുഞ്ചപ്പാടത്ത് വിഷ്ണുവിനെ (37) വൻ ലഹരിമരുന്ന് ശേഖരവുമായി മാർച്ച് ഒമ്പതിന് റൂറൽ പൊലീസ് പിടികൂടിയിരുന്നു.

വിഷ്ണുവിൻറെ വീടിൻറെ ടെറസിൽ ഒളിപ്പിച്ച നിലയിലായിരുന്നു ആറര കിലോ കഞ്ചാവും അഞ്ച് വടിവാളുകൾ, കത്തി, എയർഗൺ, ഡിജിറ്റൽ ത്രാസ് എന്നിവ കണ്ടെടുത്തത്. നാട്ടിലെ തോടുകളിലും കുളങ്ങളിലും മീൻ പിടിക്കാനെന്ന മട്ടിൽ പോയി ആളൊഴിഞ്ഞ സ്ഥലങ്ങളിൽ വച്ച് കഞ്ചാവ് കൈമാറുന്നതായിരുന്നു ഇവരുടെ രീതി.

ജില്ലാ പോലീസ് മേധാവിയുടെ കീഴിലുള്ള ഡാൻസാഫ് ടീമും വലപ്പാട് പൊലീസും ചേർന്ന് നടത്തിയ മിന്നൽ പരിശോധനയിലാണ് വിഷ്ണു കുടുങ്ങിയത്. ഇയാൾക്ക് കഞ്ചാവ് എത്തിച്ചുനൽകിയിരുന്ന വലപ്പാട് സ്വദേശി പണിക്കവീട്ടിൽ മുഹമ്മദ് ഷെജി (30) എന്നയാളെ മാർച്ച് 14നും അറസ്റ്റ് ചെയ്തിരുന്നു.

# എടവണ്ണപ്പാറയിലെ 19 വയസുകാരൻെറ മരണം; അന്വേഷണം ഊർജിതമാക്കി പോലീസ്

മലപ്പുറം: എടവണ്ണപ്പാറയിൽ 19 വയസുകാരൻ മരിക്കാനിടയായ സംഭവത്തിൽ അന്വേഷണം ഊർജിതമാക്കി പോലീസ്. കഴിഞ്ഞ വെള്ളിയാഴ്ച രാത്രിയാണ് വെട്ടത്തൂർ കാഞ്ഞിരകുഴി ഉസ്മാൻറെ മകൻ യാസറിനെ വീടിനുള്ളിൽ മരിച്ച നിലയിൽ കണ്ടെത്തിയത്.

മരിക്കുന്ന ദിവസം പകൽ യാസറിനെ മൊബൈൽ ഷോപ്പ് ഉടമ വിളിച്ച് കൊണ്ടുപോവുകയും ഷോപ്പിൽ വച്ച് മർദിക്കുന്നതും കടയിലെ സിസിടിവിയിൽനിന്ന് തെളിവായി ലഭിച്ചിരുന്നു. യാസർ സുഹൃത്തുക്കളുമായി എടവണ്ണപ്പാറയിൽ വച്ചുണ്ടായ വാക്കേറ്റവും അടിപിടിയുമാണ് മരണത്തിനിടയാക്കിയതെന്ന് കുടുംബം വാഴക്കാട് പോലീസിൽ നൽകിയ പരാതിയിൽ പറയുന്നുണ്ട്.

മൊബൈൽ മോഷണം ആരോപിച്ച് യാസറിനെ കള്ളനായി ചിത്രീകരിക്കുകയും സമൂഹമാധ്യമങ്ങളിൽ അപമാനിക്കുകയും ചെയ്തുവെന്നും കുടുംബം ആരോപിക്കുന്നു. സാമ്പത്തിക ഇടപാടുമായി ബന്ധപ്പെട്ട് എടവണ്ണപ്പാറയിൽ നടന്ന കലഹത്തിൽ യാസറിൻറെ ഫോണും ബുള്ളറ്റ് ബൈക്കും നഷ്ടമായിരുന്നു.

ബൈക്കും ഫോണും നഷ്ടപ്പെട്ട വിഷമം വീട്ടുകാരെയും അടുത്ത സുഹൃത്തുക്കളെയും അറിയിച്ചിരുന്നു. ഫോണും ബുള്ളറ്റും നഷ്ടമായെന്നും ഇനി ജീവിതം അവസാനിപ്പിക്കുകയാണെന്നും യാസർ സുഹൃത്തുക്കൾക്ക് നൽകിയ വാട്ട്സ് ആപ്പ് സന്ദേശത്തിൽ പറയുന്നു.

കുറ്റക്കാർക്കെതിരെ നിയമ നടപടിക്ക് ഒരുങ്ങിയിരിക്കുകയാണ് കുടുംബം. പ്രതികളെ പിടികൂടും വരെ കേസുമായി മുമ്പോട്ട് പോകുമെന്നും മറ്റാർക്കും ഈ ദുരവസ്ഥ ഉണ്ടാവരുതെന്നും കുടുംബം പറയുന്നു.

അതേസമയം, കുടുംബം നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ പോലീസ് തെളിവുകൾ ശേഖരിച്ചുവരികയാണ്. മരണത്തിലെ ദുരുഹതകൾ പോലീസ് അന്വേഷിക്കുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് എടവണ്ണപ്പാറയിൽ പ്രവർത്തിക്കുന്ന മൊബൈൽ ഫോൺ ഷോപ്പ് പൊലീസ് അടപ്പിച്ചിട്ടുണ്ട്.

# പൊറുതിമുട്ടിയ ജനം മാറ്റത്തിനായി വോട്ട് ചെയ്തു; ജയം യുഡിഎഫിൻെറ മാത്രം നേട്ടമല്ലെന്ന് സുകുമാരൻ നായർ

കോട്ടയം: സംസ്ഥാനത്ത് ഇടതുമുന്നണി ഭരണം കൊണ്ട് പൊറുതിമുട്ടിയ ജനം മാറ്റത്തിനായി വോട്ട് ചെയ്തെന്നും ജയം യുഡിഎഫിൻറെ മിടുക്കല്ലെന്നും എൻഎസ്എസ് ജനറൽ സെക്രട്ടറി ജി.സുകുമാരൻ നായർ. ജനാധിപത്യത്തിൻറെ വിജയമാണ് സംസ്ഥാനത്ത് കണ്ടത്. അത് കോൺഗ്രസിനും യുഡിഎഫിനും ഗുണകരമായി. വെറുതെ മത്സരിക്കാൻ വേണ്ടി മാത്രം നിന്ന ആളുകൾ പലരും ജയിക്കുന്ന സാഹചര്യമുണ്ടായെന്നും അദ്ദേഹം പറഞ്ഞു.

അവരുടെ വിജയമാണെന്ന് ചിലരൊക്കെ അവകാശപ്പെടുന്നുണ്ട് എന്നാൽ അങ്ങനെയൊന്നുമല്ല. പയ്യന്നൂരിലും തളിപ്പറമ്പിലും ഉള്ള ആളുകൾ മറിച്ചു വോട്ടു ചെയ്യണമെങ്കിൽ അവസ്ഥ അതായിരുന്നു. ഭരണവിരുദ്ധ വികാരമല്ല, രാഷ്ട്രീയമായ ആഭ്യന്തര പ്രശ്നങ്ങളാണ് പയ്യന്നൂരിലും തളിപ്പറമ്പിലും വിമതരുടെ ജയത്തിന് കാരണമെന്ന് അദ്ദേഹം പ്രതികരിച്ചു.

കോൺഗ്രസ് ആരെ മുഖ്യമന്ത്രിയാക്കിയാലും എൻഎസ്എസിന് വിരോധമില്ലെന്നും പറഞ്ഞു.കഴിവുള്ളവരെയും പരിചയമുള്ളവരെയും പരിഗണിക്കണം. ഏതെങ്കിലും ഒരു വ്യക്തിയുടെ പേര് മുഖ്യമന്ത്രി സ്ഥാനത്തേക്ക് എൻഎസ്എസ് ചൂണ്ടിക്കാണിക്കില്ല.

കോൺഗ്രസിൻറെ കേന്ദ്ര നേതൃത്വം ആണ് ഇക്കാര്യത്തിൽ തീരുമാനമെടുക്കുക. അവർ തന്നെ ഉചിതമായ തീരുമാനം എടുക്കട്ടെ. അതേസമയം, വി.ഡി.സതീശൻറെ ചില നിലപാടുകളോട് ഇപ്പോഴും വിയോജിപ്പാണുള്ളത്. അത് തിരുത്തണമെന്ന് താൻ പറയില്ല. മുഖ്യമന്ത്രിയായി കോൺഗ്രസ് ആരെ തീരുമാനിച്ചാലും അത് സ്വീകരിക്കുമെന്നും സുകുമാരൻ നായർ കൂട്ടിച്ചേർത്തു.

# നേര്യമംഗലം വനമേഖലയിൽ കാട്ടാന ചരിഞ്ഞനിലയിൽ; ഷോക്കേറ്റുവെന്ന് നിഗമനം

കൊച്ചി: എറണാകുളം നേര്യമംഗലം വനമേഖലയിൽ കാട്ടാന ചരിഞ്ഞനിലയിൽ. നേര്യമംഗലം റേഞ്ചിന് കീഴിൽ വരുന്ന വാളറ കുളമാംകുടി ഭാഗത്താണ് ചൊവ്വാഴ്ച വൈകുന്നേരത്തോടെ കാട്ടാനയെ ചരിഞ്ഞനിലയിൽ കണ്ടെത്തിയത്. വൈദ്യുതി ലൈനിൽ നിന്നു ഷോക്കേറ്റ് ചരിഞ്ഞുവെന്നാണ് നിഗമനം. ജനവാസ മേഖലയിൽ ഇറങ്ങാറുള്ള ഒറ്റക്കൊമ്പനെയാണ് മരിച്ചനിലയിൽ കണ്ടെത്തിയത്.

പ്രദേശത്തെ കൃഷി ഭൂമിയിലെ വിളകൾ നശിപ്പിരുന്ന ഒറ്റക്കൊമ്പൻ ആണിത്. നേര്യമംഗലം റേഞ്ചിലെ വനപാലകർ സ്ഥലത്തെത്തി പ്രാഥമിക പരിശോധനകൾ നടത്തി. സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തി വരികയാണ്. ആനയുടെ പോസ്റ്റ്മോർട്ടത്തിന് ശേഷമേ ശരിയായ മരണകാരണം വ്യക്തമാവുകയുള്ളു.

# വിതുര താലൂക്ക് ആശുപത്രിയിൽ അണലി; ആർആർടി സംഘമെത്തി പിടികൂടി

തിരുവനന്തപുരം: വിതുരയിലെ താലൂക്ക് ആശുപത്രിയിൽ അണലി. ആശുപത്രിയിലെ ക്യാഷ്വാലിറ്റിയിൽ ജീവനക്കാരാണ് അണലിയെ കണ്ടത്. ഇന്ന് രാവിലെയാണ് സംഭവം.

ഉടൻതന്നെ പരുത്തിപള്ളിയിലെ ആർആർടി ടീമിനെ വിവരമറിയിക്കുകയും ആർ ആർ ടി അംഗം റോഷിനി എത്തി അണലി കുഞ്ഞിനെ പിടികൂടുകയും ചെയ്തു.ക്യാഷ്വാലിറ്റിയിൽ സ്റ്റെപ്പിനടിയിലെ ചെറിയ ദ്വാരത്തിലായിരുന്നു അണലി കുഞ്ഞ് ഉണ്ടായിരുന്നത്. ജീവനക്കാർ പഞ്ഞി വച്ച് അതിനെ അടച്ചിരുന്നു.

തുടർന്ന് ആർആർടി അംഗം സ്ഥലത്തെത്തി അണലി കുഞ്ഞിനെ പുറത്തെടുക്കുകയായിരുന്നു. അണലി കുഞ്ഞുങ്ങൾ ഇനിയും പരിസരത്ത് ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ പരിശോധന നടത്തുകയാണ്.

# ബംഗളൂരുവിൽ വ്യാപാരിയുടെ വീട്ടിൽ കവർച്ച; ദമ്പതികൾ പിടിയിൽ

ബംഗളൂരു: ബംഗളൂരുവിൽ വ്യാപാരിയുടെ വീട്ടിൽ കവർച്ച നടത്തിയ ദമ്പതികളെ പോലീസ് അറസ്റ്റ് ചെയ്തു. ബനശങ്കരി സ്വദേശിയുടെ വീട്ടിൽ ജോലി ചെയ്തിരുന്ന മണികണ്ഠം (26), ഭാര്യ ഐശ്വര്യ (21) എന്നിവരാണ് പിടിയിലായത്. സ്വർണം, വെള്ളി ആഭരണങ്ങളും 25 ലക്ഷം രൂപയുമാണ് ഇരുവരും കവർച്ച നടത്തിയത്.

അഞ്ച് മാസമായി മണികണ്ഠം വ്യാപാരിയുടെ ഡ്രൈവറായി ജോലി ചെയ്തു വരികയായിരുന്നു. ഐശ്വര്യയും മണികണ്ഠൻറെ അമ്മയും വ്യാപാരിയുടെ വീട്ടുജോലികളിൽ സഹായിച്ചിരുന്നു. കഴിഞ്ഞ മാസമായിരുന്നു വീട്ടുടമ 25 ലക്ഷം രൂപ ലോക്കറിൽ വച്ചത്. ഇത് ശ്രദ്ധയിൽപ്പെട്ട ഐശ്വര്യ പിന്നീട് ലോക്കറിൽ നിന്ന് പണം എടുക്കുകയായിരുന്നു. പലപ്പോഴായി ആഭരണങ്ങളും വീട്ടിൽ നിന്ന് മോഷ്ടിച്ചിട്ടുണ്ട്.

സംഭവത്തിൽ സംശയം തോന്നിയ വീട്ടുടമ പോലീസിൽ പരാതി നൽകുകയായിരുന്നു. ഇതേ തുടർന്ന് മണികണ്ഠയെയും ഐശ്വര്യയെയും പോലീസ് കസ്റ്റഡിയിൽ എടുത്തു. ചോദ്യം ചെയ്യലിൽ ഇരുവരും കുറ്റം സമ്മതിച്ചു.

ബനശങ്കരിയിലുള്ള വീട്ടിൽ നിന്ന് പോലീസ് പണവും ആഭരണങ്ങളും കണ്ടെടുത്തു. സംഭവത്തിൽ കേസെടുത്ത പോലീസ് ഇരുവരെയും അറസ്റ്റ് ചെയ്തു.

# പാക്കിസ്ഥാനിൽ പ്രമുഖ മതനേതാവ് വെടിയേറ്റു മരിച്ചു

പെഷവാർ:പാക്കിസ്ഥാനിലെ പ്രമുഖ മതനേതാവ് ഷെയ്ഖുൾ ഹദീത്ത് മൗലാന മുഹമ്മദ് ഇദ്രീസ് വെടിയേറ്റു കൊല്ലപ്പെട്ടു.

ഖൈബർ പക്തൂൺഖ്വാ പ്രവിശ്യയിലെ സ്വദേശമായ ചർസാദയിൽ അക്രമികൾ ഇദ്ദേഹത്തിൻറെ വാഹനത്തിനു നേർക്ക് വെടിയുതിർക്കുകയായിരുന്നു. ഇദ്ദേഹത്തിനൊപ്പമുണ്ടായിരുന്ന രണ്ടു സുരക്ഷാ ഗാർഡുകൾക്ക് പരിക്കേറ്റു.

ആക്രമണത്തിൻറെ ഉത്തരവാദിത്വം ആരും ഏറ്റിട്ടില്ല. കൊലയാളികളെ അറസ്റ്റ് ചെയ്യണം എന്നാവശ്യപ്പെട്ട് ജനം ചർദാസ നഗരത്തിൽ പ്രകടനം നടത്തി.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# മുഖ്യമന്ത്രിയുടെ പ്രതിഭാപുരസ്കാരം നേടി കുഫോസ് ഗവേഷക വിദ്യാർത്ഥിനി മാളവിക മനോജ്

കേരള ഫിഷറീസ് സമുദ്ര പഠന സർവകലാശാലയിലെ ഗവേഷക വിദ്യാർത്ഥിനിയായ മാളവിക മനോജ് മുഖ്യമന്ത്രിയുടെ പ്രതിഭപുരസ്കാരം നേടി. കേരള സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പാണ് പുരസ്കാരം നൽകുന്നത്.



കുഫോസിലെ ഫാക്കൽറ്റി ഓഫ് ഓഷ്യൻ സയൻസ് ആൻഡ് ടെക്നോളജിയുടെ കീഴിലുള്ള ഫുഡ് സയൻസ് ആൻഡ് ടെക്നോളജി വിഭാഗത്തിലെ പി.എച്ച്.ഡി ഗവേഷക വിദ്യാർത്ഥിനിയാണ് മാളവിക മനോജ്.

202223 അധ്യയന വർഷത്തിൽ കേരളത്തിലെ സർവകലാശാലകൾ നടത്തിയ ബിരുദ പരീക്ഷകളിൽ മികച്ച സമഗ്ര വിജയം കൈവരിച്ചതിനാണ് പുരസ്കാരം ലഭിച്ചത്. ഒരു ലക്ഷം രൂപയും പ്രശസ്തിപത്രവും ഉൾപ്പെടുന്നതാണ് അവാർഡ്. തിരുവനന്തപുരം ആസ്ഥാനമായുള്ള കേരള സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പാണ് പുരസ്കാരം സമ്മാനിച്ചത്. മുളവുകാട് സ്വദേശിനിയായ മാളവിക മനോജ്, മനോജ് പി.എൻ, സനില മനോജ് ദമ്പതികളുടെ മകളാണ്. ഡോ. മായാ രാമന്റെ കീഴിൽ കുഫോസിൽ ഗവേഷണം നടത്തിവരുന്നു.

മാളവികയുടെ ഈ നേട്ടത്തിൽ സർവകലാശാല അധികൃതർ അഭിനന്ദനം അറിയിച്ചു.

# കുഫോസ് ഫുഡ് സയൻസ് ആൻഡ് ടെക്നോളജിയിൽ അഞ്ച് വർഷ ഏകീകൃത മാസ്റ്റേഴ്സ് പ്രോഗ്രാം ആരംഭിക്കുന്നു

നാക് 'A' ഗ്രേഡ് അംഗീകാരമുള്ള കേരള ഫിഷറീസ് സമുദ്ര പഠന സർവകലാശാല (കുഫോസ്), 2026 27 അധ്യയന വർഷത്തേക്കായി ഫുഡ് സയൻസ് ആൻഡ് ടെക്നോളജിയിൽ അഞ്ച് വർഷ ഏകീകൃത മാസ്റ്റേഴ്സ് പ്രോഗ്രാം ആരംഭിക്കുന്നതായി പ്രഖ്യാപിച്ചു. അതിവേഗം വളരുന്ന ഭക്ഷ്യ മേഖലയിലെ ഭാവി ആവശ്യങ്ങൾ മുൻനിർത്തി രൂപകൽപ്പന ചെയ്ത ഈ പ്രധാന ഫൈവ് ഇയർ ഇന്റഗ്രേറ്റഡ് പോസ്റ്റ് ഗ്രാജുവേറ്റ് പ്രോഗ്രാം, അക്കാദമിക് മികവും വ്യവസായ പ്രസക്തിയും ഭാവി കേന്ദ്രീകൃത വിദ്യാഭ്യാസവും ഉറപ്പാക്കുന്നതാണ്. വിദ്യാർത്ഥികൾക്ക് ഹോണേഴ്സ് അല്ലെങ്കിൽ റിസർച്ച് ട്രാക്കുകളോടെ മാസ്റ്റേഴ്സ് ബിരുദത്തിലേക്ക് സുഗമമായി മുന്നേറാൻ ഈ പ്രോഗ്രാം അവസരം നൽകുന്നു. ഛൗരേീാല ആമലൈറ ഋറൗരമശേീ മാതൃകയിൽ രൂപകൽപ്പന ചെയ്തിരിക്കുന്ന പഠനക്രമം പ്രായോഗിക പരിജ്ഞാനം, വിമർശനാത്മക ചിന്ത, പ്രശ്നപരിഹാര ശേഷി, അനുഭവപരിചയ അധിഷ്ഠിത പഠനം എന്നിവയ്ക്ക് പ്രാധാന്യം നൽകുന്നു.

ഫുഡ് കെമിസ്ട്രി, മൈക്രോബയോളജി, ഫുഡ് പ്രോസസ്സിംഗ്, എഞ്ചിനീയറിംഗ്, പോഷകാഹാരം, ഗുണനിലവാര നിയന്ത്രണം തുടങ്ങിയ അടിസ്ഥാന വിഷയങ്ങൾക്കൊപ്പം ഫംഗ്ഷണൽ ഫുഡ്സ്, ന്യൂട്രാസ്യൂട്ടിക്കൽസ്, ഫുഡ് സേഫ്റ്റി സിസ്റ്റംസ്, ഫുഡ് സിസ്റ്റങ്ങളിലെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, നാനോ ടെക്നോളജി, സുസ്ഥിര ഭക്ഷ്യസംസ്കരണം തുടങ്ങിയ ആധുനിക മേഖലകളും പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സംരംഭകത്വം, നവോത്ഥാനം, ബൗദ്ധിക സ്വത്തവകാശം, ഡിജിറ്റൽ കഴിവുകൾ എന്നിവയ്ക്കും പ്രത്യേക പ്രാധാന്യം നൽകിയിട്ടുണ്ട്.

ഇന്റേൺഷിപ്പുകൾ, ലൈവ് പ്രോജക്ടുകൾ, ഫീൽഡ് അധിഷ്ഠിത പരിശീലനങ്ങൾ എന്നിവയിലൂടെ അനുഭവപരിചയവും തൊഴിൽ ബന്ധിതവുമായ പഠനരീതിയാണ് ഈ പ്രോഗ്രാമിന്റെ പ്രധാന സവിശേഷത. ഇൻഡസ്ട്രിയൽ അഡ്വൈസറി ബോർഡിന്റെ നിർദേശങ്ങളിലൂടെ പാഠ്യപദ്ധതി കാലാനുസൃതമായി പുതുക്കപ്പെടുകയും ശക്തമായ അലുംനി നെറ്റ്‌വർക്കിലൂടെ വിദ്യാർത്ഥികൾക്ക് മെന്ററിംഗും കരിയർ മാർഗനിർദേശവും ലഭ്യമാകുകയും ചെയ്യും. ആധുനിക ഫുഡ് ടെക്നോളജികളും അനലിറ്റിക്കൽ സാങ്കേതികവിദ്യകളും പ്രായോഗികമായി അഭ്യസിക്കാൻ സജ്ജമായ ലബോറട്ടറികളും പ്രോസസ്സിംഗ് സൗകര്യങ്ങളും വിദ്യാർത്ഥികൾക്ക് ലഭ്യമാണ്.

പഠനത്തിന്റെ വിവിധ ഘട്ടങ്ങളിൽ വിദ്യാർത്ഥികൾ ഗവേഷണ പദ്ധതികൾ, ഡിസർട്ടേഷൻ തുടങ്ങിയവയിൽ ഏർപ്പെടുന്നതിലൂടെ ഗവേഷണ-വികസനം, അക്കാദമിക മേഖല, വ്യവസായ രംഗം, ഡോക്ടറൽ പഠനം എന്നിവയ്ക്കായി തയ്യാറെടുക്കും. ഫുഡ് പ്രോസസ്സിംഗ് വ്യവസായങ്ങൾ, ഗുണനിലവാര നിയന്ത്രണം, ഫുഡ് സേഫ്റ്റി & റെഗുലേറ്ററി അഫയേഴ്സ്, ഉൽപ്പന്ന വികസനം, സപ്ലൈ ചെയിൻ മാനേജ്മെന്റ്, ഫംഗ്ഷണൽ ഫുഡ്സ്, മറൈൻ ബയോ ആക്ടീവ്സ്, ന്യൂട്രാസ്യൂട്ടിക്കൽസ് തുടങ്ങിയ ഉയർന്നുവരുന്ന മേഖലകൾ എന്നിവയിൽ ബിരുദധാരികൾക്ക് വൈവിധ്യമാർന്ന തൊഴിൽ അവസരങ്ങൾ ലഭ്യമാകും. സമുദ്ര വിഭവങ്ങൾ, സീഫുഡ് പ്രോസസ്സിംഗ്, ബ്ലൂ എക്കോണമിയുമായി ബന്ധപ്പെട്ട ഫുഡ് സിസ്റ്റങ്ങൾ എന്നിവയിൽ പ്രത്യേക വൈദഗ്ധ്യം നേടാനും സഹായകരമാകും.

ഏകീകൃത പി.ജി. പഠന പാത, ഗവേഷണാധിഷ്ഠിത പഠനക്രമം, വ്യവസായ സഹകരണം, ഉയർന്നുവരുന്ന സാങ്കേതിക വിദ്യകളിലെ ശ്രദ്ധ, നൈപുണ്യ വികസനം, സംരംഭകത്വ പരിശീലനം, വിവിധ മേഖലകളിലെ തൊഴിൽ സാധ്യതകൾ എന്നിവ ഈ പ്രോഗ്രാമിനെ ആഗോള ഭക്ഷ്യ വ്യവസായത്തിൽ മികവ് കൈവരിക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് ഏറ്റവും അനുയോജ്യമായ കോഴ്സാക്കി മാറ്റുന്നു.

കൂടുതൽ വിവരങ്ങൾക്ക്:
ഡോ. മായ രാമൻ
അസോസിയേറ്റ് പ്രൊഫസറും വകുപ്പ് മേധാവിയും
ഫുഡ് സയൻസ് ആൻഡ് ടെക്നോളജി വകുപ്പ്
ഫാക്കൽറ്റി ഓഫ് ഓഷ്യൻ സയൻസ് ആൻഡ് ടെക്നോളജി, കേരള ഫിഷറീസ് സമുദ്ര പഠന സർവകലാശാല (കുഫോസ്),
പനങ്ങാട് പി.ഒ., കൊച്ചി 682506
ഇമെയിൽ: mayaraman@kufos.ac.in

# നേപ്പാളിൽ രാഷ്ട്രീയ നിയമനങ്ങൾക്കു തിരിച്ചടി; 1500–ലധികം നിയമനങ്ങൾ റദ്ദാക്കി പുതിയ സർക്കാർ

കാഠ്മണ്ഡു: നേപ്പാളിൽ രാഷ്ട്രീയപ്രേരിതമെന്ന് വിലയിരുത്തപ്പെടുന്ന 1500-ലധികം സുപ്രധാന നിയമനങ്ങൾ പുതിയ സർക്കാർ റദ്ദാക്കി. പ്രസിഡൻറ് രാംചന്ദ്ര പൗഡൽ പുറപ്പെടുവിച്ച പ്രത്യേക ഓർഡിനൻസിലൂടെയാണു മുൻ സർക്കാർ നടത്തിയ നിയമനങ്ങൾ കൂട്ടത്തോടെ റദ്ദാക്കിയത്. രാജ്യത്ത് ഭരണമാറ്റം നടന്ന മാർച്ച് 26-ന് മുമ്പ് നടത്തിയ നിയമനങ്ങളാണ് ഇതോടെ അസാധുവായതെന്നു പ്രാദേശിക മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു.

2025 സെപ്റ്റംബറിൽ നടന്ന അതിശക്തമായ യുവജന പ്രക്ഷോഭങ്ങൾക്കു പിന്നാലെ മാർച്ച് അഞ്ചിനു നടന്ന പൊതുതെരഞ്ഞെടുപ്പിൽ ബാലേന്ദ്ര ഷായുടെ നേതൃത്വത്തിലുള്ള രാഷ്ട്രീയ സ്വതന്ത്ര പാർട്ടി വൻ ഭൂരിപക്ഷത്തിൽ അധികാരത്തിൽ വന്നിരുന്നു. പരമ്പരാഗത രാഷ്ട്രീയ പാർട്ടികളോടുള്ള ജനങ്ങളുടെ കടുത്ത എതിർപ്പാണ് ബാലേന്ദ്ര ഷായെ അധികാരത്തിലെത്തിച്ചത്.

റദ്ദാക്കപ്പെട്ട നിയമനങ്ങളിൽ ഭൂരിഭാഗവും രാഷ്ട്രീയ സ്വാധീനമുപയോഗിച്ച് നേടിയവയാണെന്നാണു റിപ്പോർട്ട്.

# കഴുതയിറച്ചി കയറ്റുമതിക്ക് അനുമതി നൽകി പാക്കിസ്ഥാൻ

കറാച്ചി: ചൈനീസ് കമ്പനിയുടെ ഭീഷണിക്കുവഴങ്ങി കഴുതയിറച്ചി കയറ്റുമതിക്ക് അനുമതി നൽകി പാക്കിസ്ഥാൻ. ഗ്വാഡാറിൽ പ്രവർത്തിക്കുന്ന ഹാംഗെംഗ് ട്രേഡ് കമ്പനിയുമായുള്ള തർക്കത്തിനൊടുവിലാണ് കയറ്റുമതിക്ക് അനുമതി നൽകിയിരിക്കുന്നത്.

പ്രധാനമന്ത്രിയുടെ ഓഫീസ് ഇടപെട്ടാണ് തീരുമാനം. ഉദ്യോഗസ്ഥ അലംഭാവം മൂലം മാസങ്ങളായി കയറ്റുമതി അനുമതി വൈകിയതോടെയാണ് പ്രവർത്തനം അവസാനിപ്പിക്കുമെന്ന് കമ്പനി മുന്നറിയിപ്പ് നൽകിയത്. ഈ മാസം അവസാനം പ്രധാനമന്ത്രി ഷെഹ്ബാസ് ഷരീഫ് ചൈന സന്ദർശിക്കാനിരിക്കുകയാണ്. ഹാംഗെംഗ് ട്രേഡ് ചൈനയിലേക്ക് കഴുത മാംസവും തോലും കയറ്റുമതി ചെയ്യുന്ന കമ്പനിയാണ്. ഗ്വാഡാറിൽ ഇവർ കശാപ്പുശാല പ്രവർത്തിപ്പിക്കുന്നുണ്ട്. മരുന്ന് ഉത്പാദനത്തിനായാണ് കഴുത മാംസം ഇവർ ഉപയോഗിക്കുന്നത്. പാക്കിസ്ഥാൻ പ്രതിവർഷം ഏകദേശം 216,000 കഴുതകളെ മാംസത്തിനും തോലിനുമായി കയറ്റുമതി ചെയ്യുന്നുണ്ട്.

# ജിസിസിയിലെ പ്രധാന ലോജിസ്റ്റിക്സ് കേന്ദ്രമായി ഒമാൻ വളരുന്നെന്ന് അംബാസഡർ ജി.വി. ശ്രീനിവാസ്

മസ്കറ്റ്: ജിസിസി മേഖലയിലെ പ്രധാന ലോജിസ്റ്റിക്സ് ഹബ്ബായി ഒമാൻ വേഗത്തിൽ വളർന്നുകൊണ്ടിരിക്കുകയാണെന്നും ഇന്ത്യൻ ബിസിനസുകൾക്ക് വൻ സാധ്യതകളാണ് തുറന്നുകിടക്കുന്നതെന്നും ഒമാനിലെ ഇന്ത്യൻ അംബാസഡർ ജി.വി. ശ്രീനിവാസ്.

'ജിസിസി രാജ്യങ്ങളിലെ ലോജിസ്റ്റിക്സ് അവസരങ്ങൾ ഒമാൻ വഴി'എന്ന വിഷയത്തിൽ ഇന്തോ- ഗൾഫ് ആൻഡ് മിഡിൽ ഈസ്റ്റ് ചേംബർ ഓഫ് കൊമേഴ്സ് (ഇൻമെക്), ഒമാൻ ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രിയുമായി ചേർന്നു സംഘടിപ്പിച്ച വെബിനാറിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഇന്ത്യയും ഒമാനും തമ്മിലുള്ള ശക്തവും ചരിത്രപരവുമായ ബന്ധം വ്യാപാരം, ലോജിസ്റ്റിക്സ്, അടിസ്ഥാന സൗകര്യ വികസനം, നിർമാണം, നിക്ഷേപം എന്നീ മേഖലകളിൽ കൂടുതൽ വ്യാപിച്ചുകൊണ്ടിരിക്കുകയാണെന്ന് ശ്രീനിവാസ് കൂട്ടിച്ചേർത്തു.

# ഉല്ലാസകപ്പലിൽ ഹാൻറാവൈറസ് ബാധ: മൂന്നു മരണം

ജോഹാനസ്ബെർഗ്:അർജൻറീനയിൽനിന്ന് അറ്റ്ലാൻറിക്കിലെ ആഫ്രിക്കൻ രാജ്യമായ കേപ്പ് വേർദെയിലേക്കു പുറപ്പെട്ട ഉല്ലാസകപ്പലിൽ ഹാൻറാവൈറസ് ബാധ പൊട്ടിപ്പുറപ്പെട്ടു. മൂന്നു പേർ മരിച്ചു. അഞ്ചു പേർക്കു കൂടി രോഗം ബാധിച്ചതായി സംശയിക്കുന്നു. എം.വി. ഹോണ്ടിയസ് എന്ന കപ്പൽ കേപ്പ് വേർദെയിൽ നങ്കൂരമിട്ടിരിക്കുകയാണ്.

എലികളുടെ മല, മൂത്ര വിസർജ്യങ്ങളിൽനിന്നും ഉമിനീരിൽനിന്നുമാണ് ഈ വൈറസ് മനുഷ്യരിലെത്തുന്നത്. മനുഷ്യരിൽനിന്നു മനുഷ്യരിലേക്കു പടരുന്നത് അപൂർവമാണ്. പനി, പേശിവേദന, തളർച്ച തുടങ്ങിയ ലക്ഷണങ്ങളോടെ ആരംഭിക്കുന്ന രോഗം ആന്തരികാവയവങ്ങളുടെ പ്രവർത്തനങ്ങളെ ബാധിക്കും.

രണ്ട് ഡച്ച് പൗരന്മാരും ഒരു ബ്രിട്ടീഷ് പൗരനുമാണു മരിച്ചത്. കപ്പലിൽ രോഗബാധ ഉണ്ടായതിനെക്കുറിച്ച് അന്വേഷണം നടക്കുന്നു. മാർച്ച് 20ന് അർജൻറീനയിൽനിന്നു പുറപ്പെട്ട കപ്പൽ ഇന്നലെ കേപ്പ് വേർദെയിലെത്തി. 170 വിനോദസഞ്ചാരികൾക്കു കയറാവുന്ന ആഡംബര കപ്പലാണിത്.

# ഹോർമുസിൽ കടന്ന യുഎസ് യുദ്ധക്കപ്പലിനെ മിസൈൽ ഉപയോഗിച്ച് തുരത്തിയെന്ന് ഇറാൻ

റിയാദ്: ഹോർമുസ് കടലിടുക്കിൽ പ്രവേശിക്കാൻ ശ്രമിച്ച അമേരിക്കൻ യുദ്ധക്കപ്പലിനെ മിസൈലുകൾ പ്രയോഗിച്ചു തുരത്തിയെന്ന് ഇറാനിലെ വിപ്ലവഗാർഡ്.

ഇറാൻ ഹോർമുസ് കടലിടുക്ക് പൂട്ടിയതു മൂലം കുടുങ്ങിക്കിടക്കുന്ന വാണിജ്യകപ്പലുകളെ അമേരിക്ക സുരക്ഷിതമായി പുറത്തുകടത്തുമെന്ന് പ്രസിഡൻറ് ട്രംപ് പ്രഖ്യാപിച്ചതിനു പിന്നാലെയായിരുന്നു ഇത്. ഇറാൻറെ അവകാശവാദം വ്യാജമാണെന്നും യുദ്ധക്കപ്പലുകൾ ആക്രമിക്കപ്പെട്ടിട്ടില്ലെന്നും അമേരിക്കൻ സേന പ്രതികരിച്ചു.

ഹോർമുസിൽ കുടുങ്ങിയ കപ്പലുകളെ പുറത്തുകടത്താൽ 'പ്രോജക്റ്റ് ഫ്രീഡം' എന്ന പേരിൽ നാവിക ദൗത്യം നടപ്പാക്കുമെന്നാണ് ട്രംപ് കഴിഞ്ഞദിവസം സോഷ്യൽ മീഡിയയിൽ അറിയിച്ചത്. ഇതിൻറെ വിശദാംശങ്ങൾ അദ്ദേഹം നല്കിയില്ല. 15,000 സൈനികർ, വിമാനവാഹിനികളിലും കരയിലുമായുള്ള നൂറിലധികം യുദ്ധവിമാനങ്ങൾ, യുദ്ധക്കപ്പലുകൾ, ഡ്രോണുകൾ എന്നിവ ഉപയോഗിച്ച് 'പ്രോജക്റ്റ് ഫ്രീഡം' ദൗത്യത്തിനു പിന്തുണ നല്കുമെന്നു മേഖലയിൽ പ്രവർത്തിക്കുന്ന യുഎസ് സൈന്യത്തിൻറെ സെൻട്രൽ കമാൻഡ് അറിയിച്ചിരുന്നു.

ഇന്നലെ ഹോർമുസ് കടലിടുക്കിൽ പ്രവശിക്കാൻ ശ്രമിച്ച ഫ്രിഗേറ്റ് ഇനത്തിൽപ്പെട്ട അമേരിക്കൻ യുദ്ധക്കപ്പലിനു നേർക്ക് മിസൈലുകൾ തൊടുത്തുവെന്നാണ് ഇറാനിലെ വിപ്ലവഗാർഡ് അറിയിച്ചത്. രണ്ടു മിസൈലുകൾ യുദ്ധക്കപ്പലിൽ പതിച്ചെന്നും തുടർന്ന് യുദ്ധക്കപ്പൽ പിന്തിരിഞ്ഞെന്നും കൂട്ടിച്ചേർത്തു.

എന്നാൽ, ഹോർമുസിൽ യുദ്ധക്കപ്പലുകൾ ആക്രമിക്കപ്പെട്ടില്ലെന്ന് യുഎസ് സേനയുടെ സെൻട്രൽ കമാൻഡ് വ്യക്തമാക്കി. ഇറേനിയൻ സേന വ്യാജ അവകാശവാദം ഉന്നയിക്കുകയാണെന്ന് മറ്റൊരു അമേരിക്കൻ ഉദ്യോഗസ്ഥനും പ്രതികരിച്ചു.

2000 വാണിജ്യകപ്പലുകളും അതിലുള്ള 20,000 വരുന്ന ജീവനക്കാരും രണ്ടു മാസമായി ഗൾഫിൽ കുടുങ്ങിക്കിടക്കുന്ന പശ്ചാത്തലത്തിലാണ് ട്രംപ് 'പ്രോജക്റ്റ് ഫ്രീഡം' ദൗത്യം പ്രഖ്യാപിച്ചത്. കപ്പലുകളിലെ ഭക്ഷണവും മറ്റ് അവശ്യവസ്തുകളും തീരുന്നതായി റിപ്പോർട്ടുണ്ട്.

അമേരിക്കൻ യുദ്ധപ്പലുകളുടെ അകന്പടിയോടെ വാണിജ്യകപ്പലുകൾ പുറത്തെത്തിക്കാനുള്ള നീക്കത്തിൽ വാണിജ്യകപ്പൽ കന്പനി പ്രതിനിധികൾ സംശയം പ്രകടിപ്പിച്ചിട്ടുണ്ട്. യുദ്ധം അവസാനിപ്പിച്ച് സഞ്ചാരസ്വാതന്ത്ര്യം ഉറപ്പാക്കുകയാണു വേണ്ടതെന്നും കന്പനികൾ അഭിപ്രായപ്പെട്ടു.

ട്രംപ് നാവികദൗത്യം പ്രഖ്യാപിച്ചതിനു പിന്നാലെ യുഎഇ സർക്കാർ എണ്ണകന്പനിയുടെ ടാങ്കറിനു നേർക്ക് ആക്രമണമുണ്ടായി. ഇറാൻ അമേരിക്കൻ യുദ്ധക്കപ്പൽ ആക്രമിച്ചു എന്ന വാർത്തയ്ക്കു പിന്നാലെ എണ്ണവില ഉയർന്നു. ഇതിനിടെ, യുദ്ധം അവസാനിപ്പിക്കാനായി ഇറാൻ മുന്നോട്ടുവച്ച 14 ഇന നിർദേശങ്ങളിൽ അമേരിക്ക മറുപടി നല്കിയതായി റിപ്പോർട്ടുണ്ട്. മറുപടി ഇറാൻ നേതൃത്വം വിലയിരുത്തിവരുന്നതായി അവിടത്തെ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു.

# കാട്ടാക്കടയിൽ സ്കൂട്ടറിൽ കാറിടിച്ച് അപകടം; എംവിഡി ജീവനക്കാരൻ മരിച്ചു

തിരുവനന്തപുരം: കാട്ടാക്കടയിൽ സ്കൂട്ടറിൽ കാറിടിച്ച് യുവാവ് മരിച്ചു. സ്കൂട്ടർ യാത്രക്കാരനായ മോട്ടോർ വാഹനവകുപ്പ് ഉദ്യോഗസ്ഥനായ കല്ലിയൂർ പെരിങ്ങമ്മല സാഫല്യത്തിൽ എസ്. മധു (47) ആണ് മരിച്ചത്.

ബാലരാമപുരം ഉച്ചക്കട റോഡിൽ സിസിലിപുരം റോഡിലായിരുന്നു അപകടം. വിഴിഞ്ഞം ഭാഗത്ത് നിന്നും ബാലരാമപുരം ഭാഗത്തേയ്ക്ക് പോയ കാർ എതിരെ വന്ന സ്കൂട്ടറിൽ ഇടിക്കുകയായിരുന്നു. ഇടിയുടെ ആഘാതത്തിൽ റോഡിലേക്ക് തെറിച്ചുവീണ മധുവിൻറെ തലയ്ക്കും ശരീരത്തിലും ഗുരുതരമായ പരിക്കേറ്റു.

നാട്ടുകാർ ഓടിയെത്തി ആംബുലൻസിൽ മെഡിക്കൽ കോളജിൽ എത്തിച്ചുവെങ്കിലും ജീവൻ രക്ഷിക്കാനായില്ല. വിഴിഞ്ഞം പോലീസ് കേസെടുത്തു. കാർ ഡ്രൈവറെ പോലീസ് കസ്റ്റഡിയിലെടുത്തിട്ടുണ്ട്.

വഴുതയ്ക്കാട് ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിലെ ജീവനക്കാരനും തെരഞ്ഞെടുപ്പ് ബൂത്ത് ലെവൽ ഓഫീസറുമായിരുന്നു മധു. ഭാര്യ: സൗമ്യ (സഹകരണ വകുപ്പ്) മകൾ: സാഫല്യ.

# നാലുനില കെട്ടിടത്തിൽ തീപിടിത്തം; ഒരു കുടുംബത്തിലെ മൂന്ന് പേർ മരിച്ചു

ഭുവനേശ്വർ: നാലുനില കെട്ടിടത്തിലുണ്ടായ തീപിടിത്തത്തിൽ ഒരു കുടുംബത്തിലെ മൂന്ന് പേർ മരിച്ചു. ബിശ്വജിത് ബെഹ്റ (70), ഭാര്യ സുലഭ ബെഹ്റ (65), കൊച്ചുമകൾ തേജേശ്വരി ബെഹ്റ (10) എന്നിവരാണ് മരിച്ചത്. ബഡഗഡ കനാൽ റോഡിലുള്ള ഫ്ലാറ്റിലാണ് ബുധനാഴ്ച പുലർച്ചെ നാല് മണിക്ക് തീപിടിത്തമുണ്ടായത്.

കെട്ടിടത്തിൻറെ സെക്യൂരിറ്റി ജീവനക്കാരനായി ജോലി ചെയ്തിരുന്ന ബിശ്വജിതും കുടുംബവും ഒന്നാം നിലയിലെ ഒരു ചെറിയ മുറിയിലായിരുന്നു താമസം. ഒന്നാം നിലയിലെ ഇലക്ട്രിക്കൽ പാനലിൽ നിന്നാണ് തീപിടുത്തം ഉണ്ടായത്. കുടുംബം ഉറങ്ങിക്കിടക്കുന്ന സമയമായതിനാൽ രക്ഷപ്പെടാൻ സാധിച്ചില്ല.

വിവരമറിഞ്ഞ് അഗ്നിശമനസേനാംഗങ്ങൾ ഉടൻ തന്നെ സ്ഥലത്തെത്തി തീ നിയന്ത്രണവിധേയമാക്കിയതിനാൽ മുകളിലെ നിലകളിലേയ്ക്ക് പടരുന്നത് ഒഴിവായി. സംഭവത്തിൽ പോലീസ് അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

# പ്രൊജക്ട് ഫ്രീഡം; ഹോർമുസിൽ നിർണായക ഇടപെടലിന് അമേരിക്ക

വാഷിംഗ്ടൺ: യുദ്ധം അവസാനിപ്പിക്കാൻ ഇറാൻറെ 14 ഇന നിർദേശങ്ങൾ തള്ളിയ അമേരിക്ക ഹോർമുസ് കടലിടുക്കിൽ കുടുങ്ങിക്കിടക്കുന്ന കപ്പലുകളെ സുരക്ഷിതമായി പുറത്തെത്തിക്കാൻ പുതിയ പദ്ധതി ആസൂത്രണം ചെയ്തു.

പ്രൊജക്ട് ഫ്രീഡം എന്ന പേരിലാണ് പുതിയ പദ്ധതി. അമേരിക്കൻ പ്രസിഡൻറ് ഡോണൾഡ് ട്രംപ് ഇക്കാര്യം ട്രൂത്ത് സോഷ്യലിലൂടെ വ്യക്തമാക്കുകയായിരുന്നു. കപ്പലുകളെയും ജീവനക്കാരെയും സുരക്ഷിതമായി പുറത്തെത്തിക്കുകയാണ് ലക്ഷ്യം.

ഹോർമുസ് പ്രതിസന്ധിയിൽ ഇറാനുമായി പോസിറ്റീവായ ചർച്ചകളാണ് നടക്കുന്നത്. ഈ ചർച്ചകൾ എല്ലാവർക്കും ഗുണകരമായ ഒരു തീരുമാനത്തിൽ എത്തിച്ചേരുമെന്നും ട്രംപ് അറിയിച്ചു. എന്നാൽ അമേരിക്കയുടെ നാവിക ഉപരോധവും ഹോർമുസിലെ നിയന്ത്രണങ്ങളും സംബന്ധിച്ച് ട്രംപ് നിലപാട് വ്യക്തമാക്കിയിട്ടില്ല.

അതേസമയം യുദ്ധം അവസാനിപ്പിക്കാൻ ഇറാൻ മുന്നോട്ടുവെച്ച 14 ഇന നിർദേശങ്ങൾ അംഗീകരിക്കാൻ സാധിക്കില്ലെന്ന് ഡോണൾഡ് ട്രംപ് അറിയിച്ചിരുന്നു. ചർച്ചകൾ പരാജയപ്പെട്ടാൽ വീണ്ടും സൈനിക നടപടികൾ ആരംഭിക്കുമെന്നും ട്രംപ് മുന്നറിയിപ്പ് നൽകി.

# ടി.കെ. ഗോവിന്ദൻ കൊടിയേരിയുടെ വീട്ടിൽ; കുടുംബാംഗങ്ങളുമായി കൂടിക്കാഴ്ച നടത്തി

കണ്ണൂർ: തളിപ്പറമ്പിലെ നിയുക്ത എംഎൽഎ ടി.കെ. ഗോവിന്ദൻ കൊടിയേരി ബാലകൃഷ്ണൻറെ വീട്ടിലെത്തി. ഭാര്യ കെ.പി. രമണിക്കൊപ്പമാണ് ടികെ ഗോവിന്ദനെത്തിയത്.കൊടിയേരിയുടെ കുടുംബാംഗങ്ങളുമായി ഗോവിന്ദൻ കൂടിക്കാഴ്ച്ച നടത്തി. കൂടാതെ കൊടിയേരിയുടെ വീട്ടിലെ ഓർമ്മ ചിത്രങ്ങളും മ്യൂസിയവും സന്ദർശിച്ചു.

അതേസമയം, പാർട്ടി വിട്ട് പാർട്ടിക്കെതിരെ മത്സരിച്ച ഒരു നേതാവ് സിപിഎം നേതാവിൻറെ വീട്ടിലെത്തുന്നത് ആദ്യമാണ്. പാർട്ടിയിൽ പിണറായി വിജയനെതിരെ രൂക്ഷവിമർശനങ്ങൾ ഉയരുന്നതിനിടെയാണ് ഗോവിന്ദൻറെ സന്ദർശനം.

# ചൈനയിൽ പടക്ക നിർമാണശാലയിൽ പൊട്ടിത്തെറി; 21 പേർ കൊല്ലപ്പെട്ടു

ബീജിംഗ്: മധ്യ ചൈനയിലെ ഹുനാൻ പ്രവിശ്യയിലുള്ള പടക്ക നിർമാണശാലയിലുണ്ടായ പൊട്ടിത്തെറിയിൽ 21 പേർ കൊല്ലപ്പെട്ടു. 61 പേർക്ക് പരിക്കേറ്റു. തിങ്കളാഴ്ച വൈകുന്നേരമാണ് ദുരന്തമുണ്ടായത്.

പൊട്ടിത്തെറിക്ക് പിന്നാലെ ഫാക്ടറിക്ക് മൂന്ന് കിലോമീറ്റർ അകലെ വരെയുള്ള സ്ഥലങ്ങളിൽ നിന്ന് ആളുകളെ ഒഴിപ്പിച്ചു. 500 ഓളം രക്ഷാപ്രവർത്തകരാണ് മേഖലയിൽ തെരച്ചിലും രക്ഷാപ്രവർത്തനത്തിലും മുഴുകിയിട്ടുള്ളത്.

20 മുതൽ 60 വരെ പ്രായമുള്ളവരാണ് അപകടത്തിൽപ്പെട്ടവരുടെ പ്രായം. ലോകത്തിൽ തന്നെ പടക്ക നിർമാണത്തിന് മുന്നിലുള്ള ലിയുയാംഗ് പട്ടണത്തിലാണ് അപകടമുണ്ടായിട്ടുള്ളത്.

'ഹുവാഷെങ് ഫയർവർക്സ് മാനുഫാക്ചറിംഗ്' എന്ന സ്ഥാപനത്തിലാണ് സ്ഫോടനം നടന്നത്. പടക്ക നിർമ്മാണത്തിൻറെ പ്രധാന കേന്ദ്രങ്ങളിലൊന്നാണ് ഈ പ്രദേശം. സ്ഫോടനത്തിൻറെ ആഘാതത്തിൽ ഫാക്ടറി കെട്ടിടങ്ങൾ പൂർണ്ണമായും തകരുകയും അവശിഷ്ടങ്ങൾ പരിസരപ്രദേശങ്ങളിലേക്ക് ചിതറുകയും ചെയ്തു.

സ്ഫോടനത്തെത്തുടർന്ന് ആകാശത്തേക്ക് വലിയ തോതിൽ പുക ഉയരുന്നതിന്റെ ദൃശ്യങ്ങൾ സാമൂഹ്യ മാധ്യമങ്ങളിൽ പ്രചരിച്ചിരുന്നു. അപകടം നടന്ന ഉടൻ തന്നെ 500-ഓളം വരുന്ന അഗ്നിശമന സേനാംഗങ്ങളും രക്ഷാപ്രവർത്തകരും മെഡിക്കൽ സംഘവും സ്ഥലത്തെത്തി.

കെട്ടിടാവശിഷ്ടങ്ങൾക്കിടയിൽ കുടുങ്ങിക്കിടന്നവരെ പുറത്തെടുക്കാനും പരിക്കേറ്റവർക്ക് അടിയന്തര ചികിത്സ നൽകാനുമുള്ള ശ്രമങ്ങൾ ഊർജ്ജിതമായി പുരോഗമിക്കുകയാണ്. പരിക്കേറ്റ 61 പേരിൽ പലരുടെയും നില അതീവ ഗുരുതരമാണെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്.

# ഇത്രയും വലിയ തോൽവി പ്രതീക്ഷിച്ചില്ല; തിരുത്തി മുന്നോട്ടുപോകും: ബിനോയ് വിശ്വം

തിരുവനന്തപുരം: നിയമസഭാ തെരഞ്ഞെടുപ്പിൽ ഇത്രത്തോളം വലിയ തോൽവി പ്രതീക്ഷിച്ചിരുന്നില്ലെന്ന് സിപിഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം. ഇതൊരു പരാജയമാണെന്നും അതിന് മറ്റൊരു പേരില്ലെന്നും ബിനോയ് വിശ്വം പറഞ്ഞു.ഈ പരാജയം കൊണ്ട് കമ്മ്യൂണിസ്റ്റ് പാർട്ടിയും ഇടതുപക്ഷവും കളമൊഴിയാനോ മാറത്തടിച്ച് നിലവിളിക്കാനോ പോകുന്നില്ലെന്നും പാഠങ്ങൾ പഠിച്ച് മാറ്റങ്ങൾ വരുത്തി മുന്നോട്ടു പോകുമെന്നും ബിനോയ് വിശ്വം പറഞ്ഞു.

കമ്മ്യൂണിസ്റ്റ് പാർട്ടിക്കും ഇടതുപക്ഷത്തിനും മുന്നോട്ട് മാത്രമേ പോകാനാവുകയുള്ളു എന്നും ജനങ്ങൾക്കൊപ്പം ഉണ്ടാകുമെന്നും അദ്ദേഹം വ്യക്തമാക്കി. ഇതൊരു പരാജയമാണ്. അതിന് വേറൊരു പേരില്ല. പേരൊന്ന് മാത്രം. പരാജയം. അങ്ങനെ സംഭവിച്ചാൽ കമ്മ്യൂണിസ്റ്റ് പാർട്ടിയും ഇടതുപക്ഷവും കളമൊഴിഞ്ഞ് പോകുന്നില്ല. മാറത്തടിച്ച് നിലവിളിക്കാനും പോകുന്നില്ല. ഞങ്ങൾ അതിൽ നിന്ന് പാഠങ്ങൾ പഠിക്കും.എവിടെയാണ് വീഴ്ച്ചയുണ്ടായതെന്ന് പരിശോധിക്കും. മാറ്റങ്ങൾ വരുത്തും. തിരുത്തലുകൾ വരുത്തും. കമ്മ്യൂണിസ്റ്റ് പാർട്ടിക്കും ഇടതുപക്ഷത്തിനും മുന്നോട്ടേ പോകാനാവൂ. ജനങ്ങൾക്കൊപ്പം ഉണ്ടാകും'- ബിനോയ് വിശ്വം പറഞ്ഞു.

# പ്രൊജക്ട് ഫ്രീഡം; ഹോർമുസിൽ നിർണായക ഇടപെടലിന് അമേരിക്ക

വാഷിംഗ്ടൺ: യുദ്ധം അവസാനിപ്പിക്കാൻ ഇറാൻറെ 14 ഇന നിർദേശങ്ങൾ തള്ളിയ അമേരിക്ക ഹോർമുസ് കടലിടുക്കിൽ കുടുങ്ങിക്കിടക്കുന്ന കപ്പലുകളെ സുരക്ഷിതമായി പുറത്തെത്തിക്കാൻ പുതിയ പദ്ധതി ആസൂത്രണം ചെയ്തു.

പ്രൊജക്ട് ഫ്രീഡം എന്ന പേരിലാണ് പുതിയ പദ്ധതി. അമേരിക്കൻ പ്രസിഡൻറ് ഡോണൾഡ് ട്രംപ് ഇക്കാര്യം ട്രൂത്ത് സോഷ്യലിലൂടെ വ്യക്തമാക്കുകയായിരുന്നു. കപ്പലുകളെയും ജീവനക്കാരെയും സുരക്ഷിതമായി പുറത്തെത്തിക്കുകയാണ് ലക്ഷ്യം.

ഹോർമുസ് പ്രതിസന്ധിയിൽ ഇറാനുമായി പോസിറ്റീവായ ചർച്ചകളാണ് നടക്കുന്നത്. ഈ ചർച്ചകൾ എല്ലാവർക്കും ഗുണകരമായ ഒരു തീരുമാനത്തിൽ എത്തിച്ചേരുമെന്നും ട്രംപ് അറിയിച്ചു. എന്നാൽ അമേരിക്കയുടെ നാവിക ഉപരോധവും ഹോർമുസിലെ നിയന്ത്രണങ്ങളും സംബന്ധിച്ച് ട്രംപ് നിലപാട് വ്യക്തമാക്കിയിട്ടില്ല.

അതേസമയം യുദ്ധം അവസാനിപ്പിക്കാൻ ഇറാൻ മുന്നോട്ടുവെച്ച 14 ഇന നിർദേശങ്ങൾ അംഗീകരിക്കാൻ സാധിക്കില്ലെന്ന് ഡോണൾഡ് ട്രംപ് അറിയിച്ചിരുന്നു. ചർച്ചകൾ പരാജയപ്പെട്ടാൽ വീണ്ടും സൈനിക നടപടികൾ ആരംഭിക്കുമെന്നും ട്രംപ് മുന്നറിയിപ്പ് നൽകി.